സെപ്തംബർ 2024

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




SINCE 1980
CHERUPUSHPAM
GOLD LOAN
AN ISO 9001-2008 CERTIFIED COMPANY
Cherupushpam Kuries Olarikkara Pvt. Ltd,
Olarikkara, Pullazhy P.O., Thrissur -680 012
Mob: 8547667788,8547778899
E-mail: cherupushpamkuries@gmail.com
www.cherupushpamkuries.com
Dr. Joy Anto, Managing Director
Jolly Stephan, Chairman

# മരിയനാദം


സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027

Email:mariyanadham.info@gmail.com
www.ayyantholechurch.com





**പുസ്തകം 30**
**2024 സെപ്തംബർ**
**ലക്കം 9**



ചീഫ് എഡിറ്റർ
**ഫാ. വർഗ്ഗീസ് എടക്കളത്തൂർ** 9656020925

മാനേജിംഗ് എഡിറ്റർ
**ശ്രീ. ജേക്കബ് തോലത്ത്** 9495565910

അസ്സോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. ഗ്രേസി ജോണി വടക്കേത്തല 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. ജോയ്സ് മരിയ 9072371675
ശ്രീ. ജെയ്സൻ കുള 9495062073
ശ്രീ. ടോണി തരകൻ 9447728883
ശ്രീ. ജെയിംസ് കളപ്പുരയ്ക്കൽ 9847551115
ശ്രീ. ജോഫിൻ കൊളങ്ങര 8943554456
ശ്രീ. ജോർജ്ജ് കൈപ്പമ്പിൽ 9447458560
ശ്രീ. ഫ്രാൻസീസ് അറങ്ങാശ്ശേരി 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് 9496093192
ശ്രീമതി ബീന വിൻസെന്റ് 8848632006
ശ്രീമതി നൈന ഷാജു 9496760313

എക്സ് ഒഫീഷ്യോ മെമ്പർമാർ
ശ്രീ. മേജോ കെ.ജെ 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർലിൻ ജോഷി 9544962005
(കേന്ദ്രസമിതി സെക്രട്ടറി)

നടത്തുകൈക്കാരൻ
ശ്രീ. ജിന്റോ കോടങ്കണ്ടത്ത് 9645145415


## താളുകളിലൂടെ...


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഓർമ്മിക്കുക ആചരിക്കുക | 03 |
| ഇടയശബ്ദം | 04 |
| അശുദ്ധി | 05 |
| നന്മയാകട്ടെ ആദ്യം കാണുന്നത് | 06 |
| ഏയ്ഞ്ചലോളജി | 07 |
| പ്രതിനിധിയോഗ വാർത്തകൾ | 08 |
| നന്ദി | 09 |
| വിശ്വാസ പരിശീലനവാർത്തകൾ | 10 |
| ഞങ്ങൾ വരവായി | 11 |
| ഞങ്ങൾ ഒന്നായി | 11 |
| ഞങ്ങൾ യാത്രയായി | 11 |
| ഇടവകയിൽനിന്നും മാറിപോയവർ | 12 |
| ഇടവകയിലേക്ക് വന്നവർ | 12 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 13 |
| സംഘടനാ വാർത്തകൾ | 18 |
| യാക്കോബ് കണ്ട ഗോവണി | 22 |
| ത്രിലോകരാജ്ഞി | 23 |
| വി. ജോൺ ക്രിസോസ്റ്റം | 24 |
| വി. പാദ്രെപ്രിയോ | 26 |
| വസ്ത്രത്തിന്റെ വിളുമ്പിൽ നിന്നും... | 28 |
| ദൈവസ്വരം ശ്രവിക്കാൻ | 29 |
| വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനം.. | 31 |
| എന്തിനാണ് നാം ദൈവത്തോടു നന്ദി... | 32 |
| ഈശോയുടെ ഹൃദയം കത്തോലിക്ക സഭയിൽ | 33 |
| സ്നേഹം സ്നേഹം മാത്രം | 37 |
| ബൈബിൾ ക്വിസ് | 38 |
| ബാല്യം ഒരു അമൂല്യ സ്വത്ത് | 39 |
| ചായക്കൂട്ട് മത്സരം | 40 |


**ഇടവക പള്ളിയിലെ**
**വിശുദ്ധ കുർബ്ബാന സമയം**

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.45 a.m**

**നടത്തുകൈക്കാരൻ**
**ശ്രീ. ജിന്റോ കോടങ്കണ്ടത്ത് 9645145415**

**പള്ളി ഓഫീസ് സമയം**

സാധാരണ ദിവസങ്ങളിൽ: 7.00 a.m. - 8.00 a.m.; 6.00 p.m. - 8.30 p.m.
ഞായർ: 10.30 a.m. - 12.30 p.m.

**തിങ്കൾ അവധി**

കവ്വർ : വിൽസൺ ആളൂർ കൊക്കൻ– +919745844551

# എഡിറ്റോറിയൽ



# ലവേർണമല

ഈശോയുടെ രണ്ടാം വരവിന് മുമ്പ് ആകാശമധ്യത്തിൽ അവിടുന്ന് മഹത്വ പൂർണ്ണമായി പ്രത്യക്ഷപ്പെടുമെന്നും ആ അടയാളം കുരിശാണെന്നും ഉള്ള വിശ്വാസം ആദിമക്രൈസ്തവർക്ക് ഉണ്ടായിരുന്നു. നമ്മുടെ രക്ഷയുടെ അടിസ്ഥാനമായ വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ സെപ്റ്റംബർ 14ന് ആഘോഷിക്കുന്നു. വി. ഫ്രാൻസിസിന് പഞ്ചക്ഷതം കിട്ടിയതിന്റെ ഓർമ്മ സെപ്തംബർ 17ന് തന്നെ ആഘോഷിക്കുന്നതിന്റെ കാരണമിതാണ്. ക്രൂശിതനോടുള്ള സ്നേഹത്താൽ ക്രൂശി തനോളം സഹിക്കാൻ സ്വയം തയ്യാറായി. പീഡനങ്ങളും പരിത്യാഗപ്രവൃത്തികളും ഏറ്റെടുത്ത് സഹിക്കാൻ പ്രതിജ്ഞ എടുത്തു. ഈശോ കാൽവരിമലയിലേക്ക് കയറ്റ പ്പെട്ടതുപോലെ ഈ വിശുദ്ധനെ ലവേർണമലയിലേക്കാണ് കൊണ്ടുപോയത്. 2-ാം ക്രിസ്തു എന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തിന് കിട്ടിയ സമ്മാനമാണ് പഞ്ചക്ഷതം.

ഏലിയ-സ്ലീവാ-മൂശാകാലം ആഗസ്റ്റ് മാസം അവസാനത്തെ ഞായറാഴ്ച യാണ് ആരംഭിക്കുന്നത്. കുരിശിന്റെ പുകഴ്ചയുടെ തിരുനാളാണ് ഈ കാലത്തിന്റെ കേന്ദ്രബിന്ദു. മലാക്കിപ്രവാചകന്റെ പുസ്തകത്തിൽ 4-ാം അധ്യായം 5-ാം വാക്യത്തിൽ ഏലിയ പ്രവാചകൻ ഭൂമിയിലേക്കു വരുമെന്ന് സൂചിപ്പിക്കുന്നു. യേശുവിന്റെ രണ്ടാം വരവിന് മുമ്പാണ് ഇതു സംഭവിക്കുക. ഏലിയ നാശത്തിന്റെ പുത്രനുമായി തർക്കിച്ച് അവന്റെ തിന്മകളെ ഈ ലോകത്തിന് ബോധ്യപ്പെടുത്തുമെന്നാണ് ആദിമക്രൈസ്തവർ വിശ്വസിച്ചിരുന്നത്. യേശുവിന്റെ രൂപാന്തരീകരണവേളയിൽ ഏലിയയും മോശയും അവിടുത്തെ ഇരുഭാഗത്തുമായി നിൽക്കുന്നതായി 3 ശിഷ്യന്മാരും ദർശിച്ചു. ഈ വസ് തുത നമ്മുടെ വിശ്വാസം വർധിപ്പിക്കുന്നു. ക്രിസ്തുവിന്റെ കുരിശ് മധ്യത്തിൽ വരുന്ന വിധത്തിൽ ഏലിയ-സ്ലീവാ-മൂശാകാലം രൂപപ്പെടുത്തിയിരിക്കുന്നു. ലോകാ വസാനം - മരണം - അന്ത്യവിധി എന്നിവയും ഇതിനോടനുബന്ധിച്ചുള്ള ചിന്തക ളാണ്. ഏഴാമത്തേതായിവരുന്ന ഈ ആരാധനക്രമം നമുക്ക് തരുന്ന സന്ദേശവും

ഇതുതന്നെ. ജാഗ്രതയോടെ പൈശാചിക പ്രലോഭനങ്ങളെ ചെറുത്തുനിൽക്കുക, അങ്ങനെ പാപത്തെ അകറ്റിനിറുത്തുക. അന്ത്യവിധിയുടെ സമയത്ത് നിത്യവിധിയാളന്റെ വലതുവശത്ത് നിലകൊള്ളുവാനുള്ള യോഗ്യതയ്ക്കായി സഭ നമ്മെ ഒരുക്കുകയാണ്. ദൈവോന്മുഖരായി ജീവിക്കാൻ ഈ ചിന്ത നമ്മെ സഹായിക്കട്ടെ.

പ.മറിയത്തിന്റെ ജനനതിരുനാൾ ആശംസകൾ നേരുന്നു. വി. മദർ ത്രേസ്യയുടെ മാധ്യസ്ഥവും നമുക്ക് തേടാം.

പ്രാർത്ഥനാശംസകളോടെ,

**പത്രാധിപസമിതി**




## ഓർമ്മിക്കുക ആചരിക്കുക

**2024 സെപ്റ്റംബർ**

| | | |
|---|---|---|
| 3-09-24 | ചൊവ്വ | വി. ഗ്രിഗറി |
| 5-09-24 | വ്യാഴം | വിശുദ്ധ മദർ തെരേസ |
| 8-09-24 | ഞായർ | പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ |
| 13-09-24 | വെള്ളി | വിശുദ്ധ ജോൺ ക്രിസോസ് തോം |
| 14-09-24 | ശനി | വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 15-09-24 | ഞായർ | വി. വ്യാകുല മാതാവ് |
| 21-09-24 | ശനി | വിശുദ്ധ മത്തായി ശ്ലീഹാ |
| 23-09-24 | തിങ്കൾ | വിശുദ്ധ പാദ്രേ പിയോ |
| 24-09-24 | ചൊവ്വ | കാരുണ്യ മാതാവ് |
| 27-09-24 | വെള്ളി | വിശുദ്ധ വിൻസെന്റ് ഡി പോൾ |
| 29-09-24 | ഞായർ | വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റഫായേൽ മാലാഖമാരുടെ തിരുനാൾ |
| 30-09-24 | തിങ്കൾ | വിശുദ്ധ ജെറോം |

# ഇടയശബ്ദം



സ്നേഹമുള്ള കുടുംബാംഗങ്ങളേ,



കള്ളവും ചതിയുമില്ലാത്ത സമത്വസുന്ദര സാഹോര്യത്തിന്റെ അനുസ്മരണയിൽ ഒരു ഓണാഘോഷത്തിലേക്ക് കേരളജനത പ്രവേശിക്കാൻ ഒരുങ്ങുകയാണല്ലോ. മുമ്പുണ്ടായിരുന്ന ഇടവകയിലെ വേദപാഠ വിദ്യാർത്ഥികൾ നൽകിയ ഒരു തിരുവോണചിന്ത പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. എല്ലാ ആഴ്ചയിലും അവർ ഒരു വചനബോർഡ് തയ്യാറാക്കാറുണ്ട്. കാലികപ്രസക്തിയുള്ള വിഷയങ്ങളെ വചനവെളിച്ചത്തിൽ അപഗ്രഥിക്കുന്നതാണ് ഈ ബോർഡ്. ഓണത്തിന്റെ ആഴ്ചയിൽ 'കേരളീയരുടെ ഓണാഘോഷം' ചിന്താവിഷയമാക്കിയിരുന്നു. ആ ബോർഡിൽ ശ്രദ്ധയാകർഷിക്കുന്ന ഒരു ചിത്രമുണ്ടായിരുന്നു - മാവേലിയും വാമനനും പരസ്പരം ആശ്ലേഷിച്ച് നിൽക്കുന്നു. തന്നെ ചവിട്ടിതാഴ്ത്തിയ വാമനനെ ശത്രുതാചിന്തയില്ലാതെ ആശ്ലേഷിക്കുന്ന മാവേലിയുടെ സാഹോദര്യവും ശത്രുസ്നേഹവും മാതൃകായോഗ്യം. പക്ഷേ സമത്വസുന്ദരസാഹോദര്യത്തിന്റെയും സത്യസന്ധതയുടെയും മന്നനായ മാവേലിയുടെയടുത്ത് ചങ്ങാത്തംകൂടി അവനെയും അവന്റെ പ്രജകളെയും വാമനപക്ഷത്തേക്ക് - അസമത്വത്തിന്റെയും ശത്രുതയുടെയും സ്വാർത്ഥതയുടെയുമൊക്കെ ചവിട്ടിത്താഴ്ത്തലിന്റെ ലോകത്തേക്ക് - വലിച്ചിഴച്ചുകൊണ്ടുപോകുന്ന വാമനന്റെ കപടതയെ നാം സൂക്ഷിക്കേണ്ടതല്ലേ? ഒരുപക്ഷേ സ്മത്വത്തിന്റെ കപടവസ്ത്രമണിഞ്ഞ് സാഹോദര്യത്തിന്റെ കള്ളസ്നേഹം നടിച്ച് മുമ്പിലെത്തുന്ന വാമനനല്ലേ ആധുനിക സമൂഹത്തിന്റെ വലിയ വിപത്ത്, വിശ്വാസ ആത്മീയതയുടെ മേഖലയിലും

ഭൗതിക തലങ്ങളിലും ഈ വിപത്ത് കടന്നുകൂടിയത് അവർ വിവരിച്ചിരുന്നു.

ഒരു കുഞ്ഞുലേഖകൻ ഇങ്ങനെ വിമർശിച്ചെഴുതി: "ഓണം സമൃദ്ധിയുടെയോ വിപണിയുടെയോ?" പാവപ്പെട്ടവനെ കൂടുതൽ പാവപ്പെട്ടവനാക്കി, വൻകിട കമ്പനിക്കാരുടെ 'വിളവെടുപ്പിന്റെ' കാലമായി ഓണം മാറിയെന്നും മാവേലിമന്നനെ 'വിപണനതന്ത്രമാക്കി' തരംതാഴ്ത്തിയെന്നുമൊക്കെ ലേഖകൻ തിരിച്ചറിഞ്ഞ് കുറ്റപ്പെടുത്തിയിട്ടുണ്ട്. മാവേലി സംസ്കാരത്തിൽനിന്നും വാമനസംസ്കാരത്തിലേക്ക് കൂപ്പുകുത്തിയ കേരളത്തെ ഒരു കുഞ്ഞുകവി വിമർശിച്ചെഴുതി:

"…. നാടുവാണീടും കാലം മാനുഷരെല്ലാരും ഭിന്നരായി
സന്താപത്തോടെ വസിക്കും കാലം ആപത്തെല്ലാർക്കുമൊട്ടുണ്ടുതാനും
ആധികൾ വ്യാധികളെല്ലാമുണ്ട്, ബാലപീഡനങ്ങൾ കേൾക്കാനുണ്ട്
കള്ളവുമുണ്ട് ചതിയുമുണ്ട്, കുന്നോളമുണ്ട് പൊളിവചനം."

സ്നേഹമുള്ളവരേ, ഈ കുഞ്ഞുങ്ങൾ കോറിയിട്ട അവരുടെ മനസിന്റെ രോദനങ്ങൾ ഈ ഓണക്കാലത്ത് നമുക്കും ചിന്താവിഷയമാക്കാം. എല്ലാവർക്കും ആനന്ദദായകമായ ഓണക്കാലം ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**വർഗ്ഗീസച്ചൻ**

# അശുദ്ധി

**ഗിൽന ബിജു,**
**സെന്റ് മെരീസ് യൂണിറ്റ്**

വഴികളിൽ എത്രയേറെ കല്ലുകൾ ഉണ്ടെങ്കിലും നല്ല ഒരു 'ഷൂ' ഉണ്ടെങ്കിൽ അത് ധരിച്ചുകൊണ്ട് ആ വഴികളിലൂടെ ബുദ്ധിമുട്ട് കൂടാതെ നടക്കാൻ സാധിക്കുന്നു. എന്നാൽ 'ഷൂ'വിനകത്ത് ഒരു ചെറിയ കല്ല് ഉണ്ടെങ്കിൽ എത്ര നല്ല വഴിയാണെങ്കിലും കുറച്ച് ദൂരംപോലും നടക്കാൻ നാം വളരെയേറെ ബുദ്ധിമുട്ടുന്നു.

ഇതുപോലെ പുറത്തുനിന്നും നമുക്കുണ്ടാവുന്ന വെല്ലുവിളികൾ കാരണമല്ല; മറിച്ച് നമ്മുടെ അകത്തുനിന്നുള്ള ദൗർലഭ്യങ്ങൾ കാരണം നാം പലപ്പോഴും പരാജയപ്പെട്ടുപോകുന്നു.

"പുറമെനിന്ന് ഉള്ളിലേക്ക് കടന്ന് ഒരുവനെ അശുദ്ധനാക്കാൻ ഒന്നിനും കഴിയുകയില്ല. എന്നാൽ ഉള്ളിൽനിന്നും പുറപ്പെടുന്നവയാണ് അവനെ അശുദ്ധനാക്കുന്നത്. (മർക്കോ. 7:15)

# നന്മയാകട്ടെ ആദ്യം കാണുന്നത്



നാസിഭരണകാലത്തു ജർമനിയിലും അയൽരാജ്യങ്ങളിലും നടന്ന യൂദന്മാരുടെ കൂട്ടക്കുരുതി, മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്ന ഒന്നായി ഇന്നും അവശേഷിക്കുന്നു.

അക്കാലത്തു ജർമനി വിട്ടുപോകുവാൻ നിർബന്ധിതമായ ഒരു യൂദകുടുംബത്തിലെ അംഗമായിരുന്നു ആനി ഫ്രാങ്ക് എന്ന പെൺകുട്ടി. ആംസ്റ്റർഡാമിൽ ഒരു കുടുംബസുഹൃത്തിന്റെ ഭവനത്തിൽ ആ കുടുംബം ഒളിവിൽ കഴിഞ്ഞു. ആ വീടിന്റെ നിലവറയിലെ ചെറിയ മുറിയിൽ ഇരുപത്തഞ്ചു മാസക്കാലം ആ കുടുംബാംഗങ്ങൾ, ജർമൻ പട്ടാളത്തിന്റെയോ ഒറ്റുകാരുടെയോ ശ്രദ്ധയിൽപ്പെടാതെ കഴിച്ചുകൂട്ടി. അവിടെ കഴിയുമ്പോൾ ആനിഫ്രാങ്ക് എഴുതിയ ഡയറി പിൽക്കാലത്തു കണ്ടെടുക്കപ്പെടുകയും ജനശ്രദ്ധ ആകർഷിക്കുകയും ചെയ്തു. യുദന്മാർക്കു സ്വാതന്ത്ര്യം നിഷേധിച്ചും നിയന്ത്രിച്ചുമുള്ള പട്ടാളനിയമങ്ങൾ, തടങ്കൽപാളയത്തിലെ ക്രൂരമർദ്ദനമുറകൾ, കൂട്ടക്കുരുതികൾ ഇവയെക്കുറിച്ചെല്ലാം അതിൽ പരാമർശിക്കുന്നുണ്ട്. പട്ടാളം ആ കുടുംബത്തെ കണ്ടെത്തി കൊലചെയ്യുന്നതിനു മൂന്നാഴ്ച മുമ്പ് ആനി അവളുടെ ഡയറിയിൽ എഴുതി: "പീഡനങ്ങളും യാതനകളും നടക്കു ന്നുവെങ്കിലും മനുഷ്യർ ഹൃദയത്തിൽ നല്ലവരാണെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ ജീവിതം അസ്വസ്ഥതയുടെയും യാതനയുടെയും മരണത്തിന്റെയും അടിത്തറയിൽ കെട്ടിപ്പടുക്കുവാൻ ഞാൻ അനുവദിക്കയില്ല. ലോകം ഒരു മരുഭൂമിയായി മാറിക്കൊണ്ടിരിക്കുന്നതു ഞാൻ കാണുന്നു; ലക്ഷോപലക്ഷങ്ങളുടെ വേദനയിൽ ഞാൻ പങ്കുചേരുന്നു. എങ്കിലും ചക്രവാളത്തിലേക്കു നോക്കുമ്പോൾ ഇപ്പോഴത്തെ ക്രൂരതകൾക്ക് അറുതിവരുമെന്നും, ശാന്തിയും സമാധാനവും കൈവരുമെന്നും ഞാൻ വിശ്വസിക്കുന്നു". കാർമേഘപടലങ്ങൾക്കിടയിലെ പ്രകാശരശ്മി കാണാൻ ആ പെൺകുട്ടിക്കു കഴിഞ്ഞു. ദുരിതങ്ങളിൽ തളരാത്ത മനസും പതറാത്ത വിശ്വാസവും അവൾ ഉയർത്തിപ്പിടിച്ചു. അടിസ്ഥാനപരമായി എല്ലാ മനുഷ്യരിലും നന്മയുടെ മുകുളങ്ങൾ ഉണ്ടെന്ന് അവൾ കണ്ടെത്തി. യഥാർത്ഥ വെളിച്ചം കാണാനും അതിൽ പ്രത്യാശവയ്ക്കുവാനും സാധിക്കണമെങ്കിൽ ശുഭാപ്തി

വിശ്വാസം പുലർത്തുന്നവരായേ കഴിയൂ. നല്ലവനായ ദൈവം സകലത്തേയും നന്മയിലേക്കു പരിവർത്തനപ്പെടുത്തും എന്നുള്ള വിശ്വാസമാണാവശ്യം. ആ വിശ്വാസമില്ലാത്തവർ ചുറ്റു പാടുകളെ പഴിക്കുകയും വെറുക്കുകയും ചെയ്യുന്നവരാകും. ഏതു നല്ല മനുഷ്യനിലും അവർ തിന്മയെ കണ്ടെത്തും. ഏതു സാഹചര്യത്തെയും അവർ കുറ്റപ്പെടുത്തും. മഴക്കാലത്തു മഴയെ പഴിക്കും. വേനൽക്കാലത്തു വേനലിനെയും. അൽഫോൻസ് കാർ എന്ന മഹാൻ എഴുതി: "ചില മനുഷ്യർ, റോസാച്ചെടിക്കു മുള്ളുകൾ ഉള്ളതുകൊണ്ടു പരിഭവപ്പെടുന്നു; എന്നാൽ മുള്ളുകളിൽ റോസാപ്പൂക്കൾ ഉള്ളതുകൊണ്ടു ഞാൻ കൃതജ്ഞനായിരിക്കുന്നു."

ആകയാൽ യേശു ക്രിസ്തുവിൽ ആശ്രയിച്ചുകൊണ്ട് ഏതു സാഹചര്യങ്ങളിലും നന്മ കണ്ടെത്തി ജീവിക്കുവാൻ പരിശ്രമിച്ചുകൊണ്ട് പ്രത്യാശയോടെ മുന്നേറാം ക്രിസ്തുവാകുന്ന വെളിച്ചത്തിന്റെ പ്രകാശരശ്മികൾ നമ്മുടെ ജീവിതത്തിലും നിഴലിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ഡീക്കൻ ആൽവിൻ പട്ടേക്കൽ**

# ഏയ്ഞ്ചലോളജി

മാലാഖമാരെപ്പറ്റി പഠിക്കുന്ന വിഭാഗമാണ് ഏയ്ഞ്ചലോളജി. മലയാളത്തിലും അരമായ ഭാഷയിലും ഒരേ വാക്ക് - മാലാഖ - എന്ന പദപ്രയോഗമാണുള്ളത്. എന്നാൽ 'മലക്ക്' എന്നാണ് ഇസ്ലാം, യഹൂദമതഗ്രന്ഥങ്ങൾ മാലാഖയ്ക്കുപകരം ഉപയോഗിക്കുന്ന പദം. ദൈവത്തിന്റെ ഈ സൃഷ്ടിക്ക് അസാധാരണ കഴിവുകളാണുള്ളത്. ഇവരുടെ ദൗത്യംതന്നെ ദൈവത്തെ സദാ സ്തുതിച്ചാരാധിക്കുകയെന്നതാണ്. ഒമ്പതു വൃന്ദം മാലാഖമാരാണുള്ളത്. ഓരോ വൃന്ദത്തിലും മൂന്നു ഗണങ്ങൾ വീതമുണ്ട്. ഒമ്പതു വൃന്ദം മാലാഖമാർ ഇവരാണ്. 1. ദൈവദൂതൻമാർ, 2 മുഖ്യദൂതന്മാർ, 3. പ്രാഥമികന്മാർ, 4. ബലവാന്മാർ, 5. തത്വകന്മാർ, 6. അധികാരികൾ, 7. ഭദ്രാസനന്മാർ, 8. ക്രോവേന്മാർ, 9. സ്രാപ്പേന്മാർ.

ബൈബിളിൽ പേര് എടുത്ത് പരാമർശിക്കുന്ന മൂന്ന് മുഖ്യ ദൂതന്മാരാണ് മിഖായേൽ, ഗബ്രിയേൽ, റഫായേൽ. കത്തോലിക്കാസഭ സെപ്റ്റംബർ 29-ാം തിയതിയാണ് മാലാഖമാരുടെ തിരുനാൾ കൊണ്ടാടുന്നത്.

**അഡ്രയിൻ ബ്രൂസ്,**

**സെന്റ് തോമസ് യൂണിറ്റ്**

# 18.08.2024 തിയ്യതി പ്രതിനിധിയോഗ തീരുമാനങ്ങൾ

1. 2024 ജൂലായ് മാസത്തിലെ കണക്കും, ഓഡിറ്റ് റിപ്പോർട്ടും പ്രതിനിധിയോഗ റിപ്പോർട്ട് വായിച്ചു പാസ്സാക്കി.
2. ഊട്ട് തിരുനാൾ നല്ല രീതിയിൽ നടത്തിയ കൺവീനറായ ജോൺസൺ കാഞ്ഞിരത്തിങ്കലിനും, കമ്മിറ്റി അംഗങ്ങൾക്കും അഭിനന്ദനങ്ങൾ അറിയിച്ചു, പോരായ്മകൾ ചർച്ചചെയ്തു.
3. 2024 സെപ്തംബർ 8-ാം തിയ്യതി പൊതുയോഗം 'പള്ളി നിർമ്മാണം' ആവശ്യത്തിന് കൂടുന്നതിന് തീരുമാനിച്ചു. 2024 സെപ്തംബർ 29ന് ജനുവരി തിരുനാൾ കമ്മിറ്റി, മറ്റ് ചർച്ചകൾ, പള്ളികണക്ക് അജണ്ടയിൽ ഉൾപ്പെടുത്തി മറ്റൊരു പൊതുയോഗം നടത്തുന്നതിന് തീരുമാനിച്ചു.
4. 2024 ഒക്ടോബർ മാസം അൽമായസഭക്ക് 75-ാം വാർഷിക ആഘോഷത്തിന് സെ. ജോസഫ് ഹാൾ നൽകാൻ തീരുമാനമായി.
5. "സർവ്വേ സംഗമം" വയനാട്ടിലെ ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകണമെന്ന സദുദ്ദേശത്തോടുകൂടി സർവ്വേവകുപ്പിലെ ജോലിക്കാരും വിരമിച്ചവരും നടത്തുന്ന സംഗമത്തിനായി സെ. ജോസഫ് ഹാൾ വാടകയിൽ ഇളവ് അനുവദിക്കണമെന്ന അപേക്ഷ പരിഗണിച്ച് സെ. ജോസഫ് ഹാൾ വാടക 30000/- രൂപയിൽ 10000/- രൂപ സദുദ്യമത്തിനോട് ചേർന്ന് ഇളവ് നൽകുന്നതിനും ബാക്കി 20000/- രൂപ മാത്രം വരവ് വെക്കാനും തീരുമാനമായി.
6. യുവതികളുടെ ലിറ്റർജിക്കൽ യൂണിറ്റിന് "അസംപ്ഷൻ ആർമി" എന്ന് പേര് നിർദ്ദേശിച്ച ഡീക്കൻ ആൽവിന് അഭിനന്ദനങ്ങൾ അറിയിച്ചു.
7. കുടുംബസമ്മേളന കേന്ദ്രസമിതിയുടെ പ്രവർത്തന ഫണ്ട് സമാഹരണത്തിനായി 100 രൂപയുടെ കൂപ്പൺ വിതരണാനുമതി നൽകി.
8. പള്ളിയുടെ അടുത്ത ടേമിലേയ്ക്കുള്ള കൈക്കാരൻമാരുടെ ലിസ്റ്റ് യൂണിറ്റുകളിൽനിന്നും പ്രതിനിധിയോഗത്തിൽ നിന്നും ലിസ്റ്റ് പൂർത്തിയാക്കി അതിരൂപതയിലേക്ക് അയക്കാൻ തീരുമാനിച്ചു.

1. അഗസ്റ്റിൻ തരകൻ
2. അഡ്വ. സൈമൺ മേലേത്ത്
3. ജോസ് അറക്കപ്പാടൻ
4. ജോയൽ ഫ്രാൻസീസ് കൊക്കൻ
5. വിൽസൺ കൈപ്പറമ്പിൽ
6. ജോഷി തട്ടിൽ
7. സെബാസ്റ്റ്യൻ ഒഴുകയിൽ
8. അഡ്വ. വില്ലി മാറോക്കി
9. ജോൺസൺ കാഞ്ഞിരത്തിങ്കൽ
10. ആന്റോ ഇഞ്ചോടിക്കാരൻ
11. വർഗ്ഗീസ് കൊള്ളന്നൂർ അവണൂക്കാരൻ

**പ്രതിനിധിയോഗ സെക്രട്ടറി, അഡ്വ. നെറ്റോ നെല്ലിശ്ശേരി**

# ജന്മദിനാശംസകൾ

27-09-2024

നമ്മുടെ പ്രിയ
ബഹുമാനപ്പെട്ട
വികാരി വർഗ്ഗീസ്
എടക്കളത്തൂർ അച്ചന്
ഇടവകയുടെ
ജന്മദിനാശംസകൾ



# യാത്രാമംഗളങ്ങൾ



കഴിഞ്ഞ അഞ്ചുമാസമായി അയ്യന്തോൾ ഇടവകയുടെ
ഭാഗമായി, ബഹുമാനപ്പെട്ട വികാരിയച്ചനോട് ചേർന്ന്
ഇടവകയുടെ ഓരോ പ്രവർത്തനങ്ങളിലും
ചുറുചുറുക്കോടെ, പുഞ്ചിരി തൂകുന്ന മുഖത്തോടെ,
ആത്മാർത്ഥതയോടെ പ്രവർത്തനം കാഴ്ചവച്ച
അയ്യന്തോൾ ഇടവകയുടെ സ്വന്തം ഡീക്കന്
ഇടവകയുടെ യാത്രാമംഗളങ്ങൾ.....
തിരുപ്പട്ടം സ്വീകരിച്ച് ദൈവത്തിനും
ദൈവജനത്തിനും സ്വീകാര്യനായ
നല്ലൊരു വൈദികനാകാൻ
ഡീ. ആൽവിൽ പട്ട്യേക്കലിന്
ദൈവാനുഗ്രഹം ധാരാളമായി
ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു.

# 41-ാം ചരമദിനം
30-09-2024



## കൂനൻപ്ലാവ് അഗസ്തി മകൻ
# തോമസ്

ജനനം : 14 – 05 – 1944
മരണം : 21 – 08 – 2024

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

ലിറ്റിൽ ഫ്ളവർ യൂണിറ്റ്

# നന്ദി

ജീവിതം ഒരു ബസ് യാത്ര പോലെയാണ്. നമ്മുടെയൊക്കെ ജീവിതത്തിൽ പലരും വരികയും പോകുകയും ചെയ്യും. പക്ഷേ ആ പലരിൽ ചിലർ എന്തെങ്കിലും നമുക്കായ് ബാക്കി വച്ചിട്ട് പോകും.

യാത്രകൾ എന്നും മനോഹരമാണ്. യാത്ര പറച്ചിലുകൾ ആണ് കണ്ണുകളെ ഈറൻ അണിയിക്കുന്നത്. കഴിഞ്ഞ മാസങ്ങളിൽ നിങ്ങൾ നൽകിയ സ്നേഹത്തിനും കരുതലിനും ഹൃദയം നിറഞ്ഞ നന്ദി.

പക്ഷി കുഞ്ഞുങ്ങളെ തന്റെ ചിറകിൻകീഴിൽ സംരക്ഷിക്കുന്നതുപോലെ കരുതലിന്റെ സ്നേഹം ഒരുക്കി, മുന്നോട്ടുള്ള പൗരോഹിത്യ ജീവിതത്തിൽ നല്ല ഫലം ചൂടുന്നതിനാവശ്യമായ തിരുത്തലുകൾ നൽകി, പൗരോഹിത്യത്തിന്റെ അനുഭവങ്ങൾ ചാലിച്ച സ്നേഹത്താൽ പിതൃവാത്സല്യത്തോടെ എന്നെവഴി നടത്തിയ വർഗ്ഗീസച്ചന് ഒത്തിരി നന്ദി...

മാതൃ സ്നേഹം നൽകിയ സിസ്റ്റേഴ്സിനും ഇടവകയുടെ എല്ലാ പ്രവർത്തനങ്ങൾക്കും കൂടെനിന്ന നാലു കൈകാരന്മാർക്കും,

കപ്യാരേട്ടനും എല്ലാ കമ്മിറ്റി അംഗങ്ങൾക്കും നന്ദി അർപ്പിക്കുന്നു. എന്റെ സെമിനാരി ജീവിതത്തിൽ ഈ ഇടവകയിലെ അഞ്ചുമാസകാലവും താങ്ങും തണലുമായി എന്നോട് ചേർന്ന് പ്രവർത്തിച്ച എല്ലാ വിശ്വാസ പരിശീലന അദ്ധ്യാപകർക്കും നന്ദി പറഞ്ഞുകൊള്ളുന്നു. ഇടവകയുടെ നട്ടെല്ലായ വിശ്വാസ പരിശീലനത്തിലൂടെ നമ്മുടെ കുഞ്ഞുങ്ങളെ വിശ്വാസത്തിലേക്ക് വളർത്തിയെടുക്കുവാൻ നിങ്ങൾക്ക് സാധിക്കട്ടെ. ഇടവകയിലെ എല്ലാ യുവജനങ്ങൾക്കും കുഞ്ഞുമക്കൾക്കും എല്ലാ കുടുംബാംഗങ്ങൾക്കും ഒത്തിരി സ്നേഹത്തോടെ നന്ദി പറയുന്നു. ഈ മാസക്കാലങ്ങളിൽ നിങ്ങൾ നൽകിയ സ്നേഹത്തിനും കരുതലിനും വാത്സല്യത്തിനും ഒത്തിരി നന്ദി. എന്റെ പൗരോഹിത്യ വിളിയിൽ വിശ്വസ്തനായി ജീവിക്കുവാൻ നല്ല പുരോഹിതനായി തീരുവാൻ നിങ്ങൾ എനിക്ക് വേണ്ടി പ്രാർത്ഥിക്കണം. പ്രാർത്ഥനയിൽ പരസ്പരം കണ്ടുമുട്ടാം എന്ന വിശ്വാസത്തോടെ ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഒരിക്കൽ കൂടി എല്ലാത്തിനും നന്ദി പറയുന്നു.

എന്ന് നിങ്ങളുടെ സ്വന്തം ഡീക്കൻ

**ആൽവിൻ പട്ട്യേക്കൽ**



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹം നിറഞ്ഞ മാതാപിതാക്കളേ, വിദ്യാർത്ഥികളേ,
സെപ്തംബർമാസം നമുക്ക് വളരെ പ്രധാനപ്പെട്ട മാസമാണ്. ഈശോയുടെ അമ്മ യായ പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ സെപ്തംബർ 8-ാം തിയ്യതിയാണ് നാം ആഘോഷിക്കുന്നത്. അതുപോലെ സെപ്തംബർ 14-ാം തിയ്യതി വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ നാം ആഘോഷിക്കുന്നു. ഓരോ തവണ വി.കുരിശിന്റെ അടയാളം നാം വരയ്ക്കുമ്പോഴും ഈശോയ്ക്ക് നമ്മോടുള്ള സ്നേ ഹവും അവിടുന്ന് നമുക്ക് വേണ്ടി സഹിച്ച പീഡനങ്ങളും നാം ഓർക്കണം. അപ്പോൾ ഈശോയുടെ സ്നേഹം നമ്മിൽ നിറയുകയും നാം ദൈവമക്കളാകുകയും ചെയ്യും. എല്ലാവർക്കും വി.കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റേയും പരി. അമ്മയുടെ ജനനതിരുനാളിന്റേയും മംഗളങ്ങൾ ഏറെ സ്നേഹത്തോടെ നേരുന്നു.
നാം എല്ലാ വർഷവും ക്ലാസ് അടിസ്ഥാനത്തിൽ നടത്തുന്ന കയ്യെഴുത്ത് മാസിക മത്സരം ഈ വർഷവും Std. V മുതൽ ACC വരെയുള്ള വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്നു. വിഷയം: "ആബാവർഷം: കുടുംബ കേന്ദ്രീകൃത വിശ്വാസപരി ശീലനം"
കയ്യെഴുത്തുമാസിക സമർപ്പിക്കേണ്ട അവസാന തിയ്യതി സെപ്തംബർ 22-ാം തിയ്യതി ഞായറാഴ്ചയാണ്.
"ലോഗോസ് ക്വിസ് 2024" പരീക്ഷ സെപ്തംബർ 29-ാം തിയ്യതി ഞായറാഴ്ച ഉച്ചതി രിഞ്ഞ് 2 മണി മുതൽ 3.30 വരെയുള്ള സമയത്ത് നിർമ്മല കോൺവെന്റ് സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. പേര് രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും പ്രസ്തുത പരീക്ഷയ്ക്കായി നന്നായി പഠിച്ചൊരുങ്ങണമെന്ന് പ്രത്യേകം താത്പര്യപ്പെടുന്നു. മോഡൽ ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 22-ാം തിയ്യതി കാലത്ത് വിശ്വാസ പരിശീലന ക്ലാസ്സ് സമയത്ത് നടത്തപ്പെടുന്നു. പരീക്ഷാ സമയം 8.15 മുതൽ 8.45 വരെയായിരിക്കും.
ആഗസ്റ്റ് 4-ാം തിയ്യതി മുതൽ classwise ബൈബിൾ ക്വിസ് ഗ്രൂപ്പ് അടിസ്ഥാന ത്തിൽ നടത്തിവരുന്നു. ഈ ഉദ്യമത്തിന് വിദ്യാർത്ഥികളെ മാതാപിതാക്കൾ പ്രോത്സാ ഹിപ്പിക്കണമെന്ന് പ്രത്യേകം താത്പര്യപ്പെടുന്നു. നമ്മുടെ മക്കൾ നമസ്കാരങ്ങൾ

നന്നായി പഠിക്കുകയും ചൊല്ലുകയും ചെയ്യുന്നുണ്ടെന്ന് മാതാപിതാക്കൾ ഉറപ്പുവരുത്തുമല്ലോ. ബൈബിൾ വചനപഠനസഹായി പുസ്തകത്തിലെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ മാതാപിതാക്കൾ മക്കൾക്കായി എഴുതികൊടുക്കുവാൻ മറക്കരുത്. നമ്മുടെ മക്കൾ വിശ്വാസപരിശീലന ക്ലാസ്സുകളിലും വിശുദ്ധ കുർബ്ബാനയിലും മുടക്കം കൂടാതെ കൃത്യസമയത്ത് തന്നെ പങ്കെടുക്കുന്നുണ്ടെന്ന് മാതാപിതാക്കൾ ശ്രദ്ധിക്കുമല്ലോ.

ആഗസ്റ്റ് 11-ാം തിയ്യതി ഞായറാഴ്ച ദേവാലയത്തിൽവച്ച് 1-ാം ക്ലാസ്സ് മുതൽ ACC വരെയുള്ള ക്ലാസ്സുകളിലെ ആവിഷ്കാരങ്ങൾ അവതരിപ്പിക്കുകയുണ്ടായി. വളരെ മനോഹരമായി പരി. മാതാവിന്റെ വ്യത്യസ്തങ്ങളായ പ്രത്യക്ഷങ്ങൾ അവതരിപ്പിച്ച എല്ലാ വിദ്യാർത്ഥികളേയും പ്രോത്സാഹിപ്പിച്ച അധ്യാപകരേയും മാതാപിതാക്കളേയും പ്രത്യേകം അഭിനന്ദിക്കുന്നു.

അടുത്ത മാസം അർദ്ധവാർഷിക പരീക്ഷകൾ വരികയാണ്. പരീക്ഷയ്ക്കായി മക്കളെ നന്നായി ഒരുക്കുമല്ലോ. നിങ്ങൾക്കെല്ലാവർക്കും ഏറെ സ്നേഹത്തോടെ അടുത്തുവരുന്ന ഓണത്തിന്റെ ആശംകൾ നേരുന്നു. ഈ ഓണക്കാലം പരസ്പരം സ്നേഹിക്കാനും മനസ്സിലാക്കാനുമുള്ള ഒരു അവസരമായി മാറട്ടെ.

സ്നേഹപൂർവ്വം,

**ഡോ. ജോയ് കരേരക്കാട്ടിൽ** (പ്രിൻസിപ്പാൾ)

# ഞങ്ങൾ വരവായി

| രജി. നമ്പർ | ജനനം | മാമ്മോദീസ | ഞങ്ങൾ വരവായി |
|---|---|---|---|
| 11/2024 | 20.08.2023 | 08.07.2024 | കോച്ചേരി ധീരജ് & സൗമ്യ മകൻ നിക്കോളാസ് സേവ്യർ |
| 12/2024 | 30.04.2024 | 11.08.2024 | പാണേങ്ങാടൻ ജെറിൻ & ബിൻസി മകൻ അന്തോണി (അലൈൻ ജെറിൻ) |
| 13/2024 | 20.04.2023 | 11.08.2024 | എലുവത്തിങ്കൽ ജെയ്ജോ & ഷെറിൻ മകൾ അന്ന (ഐറിൻ മേരി) |
| 14/2024 | 18.05.2024 | 11.08.2024 | മീനംകുന്നേൽ വരുൺ & ടീനു ഡയസ് മകൻ ജോസഫ് (ലിയം ജോസഫ്) |
| 15/2024 | 11.06.2024 | 18.08.2024 | നടക്കാവുകാരൻ ജോസഫ് & നൈസ്ന മകൾ മേരി (ഹെവൻ ജോസഫ്) |



# ഞങ്ങൾ ഒന്നായി



11.08.2024 അയ്യന്തോൾ ഇടവക പുത്തൻപറമ്പിൽ പോൾ & ലൌസി മകൻ കെവിൻ

മാള ഫൊറോന ഇടവക നടക്കാവിൽ ജോർജ്ജ് & ബേബി മകൾ ട്രീസ ബേബി

25.08.2024 അയ്യന്തോൾ ഇടവക പ്ലാക്കൽ ഷാജു & ആനീസ് മകൾ ഷാൻമരിയ

കൊട്ടേക്കാട് ഫൊറോന ചേലപ്പാടൻ ഡേവിസ് & ജൂലി മകൻ ഹാൻസൻ

# ഞങ്ങൾ യാത്രയായി

| | | |
|---|---|---|
| 07-2024 | 30.05.2024 | കണ്ണനായ്ക്കൽ കാഞ്ഞിരപറമ്പിൽ വാറുണ്ണി മകൻ തോമസ് (89) സെന്റ് ആന്റണീസ് യൂണിറ്റ് |
| 08/2024 | 26.06.2024 | ചെറുശ്ശേരി വറീത് ആന്റണി (81 വയസ്സ്) (ജോണി) സെ. മേരീസ് യൂണിറ്റ് |
| 09/2024 | 14.07.2024 | ചെറുവത്തീർ ലോനപ്പൻ റോസി (62) ലിറ്റിൽ ഫ്ളവർ യൂണിറ്റ് |
| 10/2024 | 20.07.2024 | കുന്നംകുമരത്ത് വാവേലി ജോൺ (ആന്റണി) ഭാര്യ മേരി ആൻണി (73) ഹോളി ട്രിനിറ്റി യൂണിറ്റ് |
| 11/2024 | 08.08.2024 | കുരുതുകുളങ്ങര കൂള ഇട്ട്യേച്ചൻ ഭാര്യ മർത്ത (92) സെന്റ് തോമസ് യൂണിറ്റ് |
| 12/2024 | 09.08.2024 | വേലൂക്കാരൻ ഐസക് മകൻ ഫ്രാൻസിസ് (78), സെന്റ് പോൾസ് യൂണിറ്റ് |
| 13/2024 | 13.08.2024 | കൊള്ളന്നൂർ ജോയ് ഭാര്യ ലിസ്സി (64) ഹോളി ട്രിനിറ്റി യൂണിറ്റ് |
| 14/2024 | 31.08.2024 | കൂനംപ്ലാവിൽ അഗസ്റ്റിൻ മകൻ തോമസ് (80) ലിറ്റിൽ ഫ്ളവർ യൂണിറ്റ് |

# ഇടവകയിൽനിന്നും മാറിപോയവർ

| | | |
|---|---|---|
| 11/2024 | 17.08.202 | തേറാട്ടിൽ വർഗീസ് ജെയിംസ് (സെ. പോൾസ് യൂണിറ്റ്) പുല്ലഴി ഇടവകയിലേക്ക് |
| 12/2024 | 23.08.2024 | അറങ്ങാശ്ശേരി തോമസ് ഭാര്യ മേരി (സെ. സേവിയേഴ്സ് യൂണിറ്റ്) കുറ്റൂർ ഇടവകയിലേക്ക് |

# ഇടവകയിലേക്ക് വന്നവർ

14.08.2024കുന്നംകുമരത്ത് ആന്റണി മേജോ ഹോളി ട്രിനിറ്റി യൂണിറ്റ്



# കുടുംബകൂട്ടായ്മ വാർത്തകൾ

## സെന്റ് തോമസ് കുടുംബകൂട്ടായ്മ
## 2023–2024 ലെ വാർഷിക റിപ്പോർട്ട്



സെന്റ് തോമസ് യൂണിറ്റിന്റെ 32-ാം വാർഷികം 2024 ജൂലായ് 3ന് രാവിലെ 6.30 മണിക്കുള്ള വി.കുർബാനയിലും തുടർന്നുള്ള കാഴ്ചസമർപ്പണത്തിലും പങ്കെടുത്ത് ആഘോഷം ആരംഭിച്ചു.

21.07.2024 ചെറിയ പാരിഷ് ഹാളിൽവച്ച് ആഘോഷപൂർവ്വം കൊണ്ടാടി. കുടുംബ കൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ശ്രീ. മേജോയുടെ അധ്യക്ഷതയിൽ പൊതുസമ്മേളനം പ്രാർത്ഥനാഗാനത്തോടെ ആരംഭിച്ചു. വിശിഷ്ടാതിഥികളായ ബഹു. വികാരി വർഗ്ഗീസ്സ് എടക്കളത്തൂർ, ശ്രീ. മേജോ, ശ്രീ. ജിന്റോ (നടത്തു കൈക്കാരൻ), ബാജു കുരിയൻ (കൈക്കാരൻ) ശ്രീ. സുരേഷ് ജേക്കബ്, സി. ജോയ്സ്, ശ്രീ. കുര്യൻ ചേട്ടൻ എന്നിവർക്ക് പൂച്ചെണ്ടു നല്കി സ്വീകരിച്ചു. ബഹു. വികാരിയച്ചൻ വർഗ്ഗീസ് എടക്കുളത്തൂർ, ഭാരവാഹികൾ എന്നിവർ ചേർന്ന് തിരി തെളിയിച്ചു. പ്രസിഡന്റ് ശ്രീമതി ആന്റോ ഫ്ളോറസ് സ്വാഗതപ്രസംഗം നടത്തി. സെക്രട്ടറി അഡ്വ. വിജി സന്തോഷ് മൂന്ന് വർഷത്തെ പ്രവർത്തന റിപ്പോർട്ട് വായിച്ചു. ട്രഷറർ ജിപ്സി കണക്ക് അവതരിപ്പിച്ചു, യോഗം പാസ്സാക്കി. ബഹു. വികാരിയച്ചൻ പ്രസംഗത്തിലൂടെ വി. തോമശ്ലീഹയ്ക്ക് ഈശോയുമായുള്ള ഗാഢബന്ധം സുവിശേഷത്തിലൂടെ വ്യക്തമാക്കി. ബ്ര. ആൽവിൻ, തോമാസ് ശ്ലീഹായുടെ ചരിത്രപരമായ സംഭവങ്ങൾ വിവരിച്ചുതന്നു. ഞങ്ങളുടെ ആനിമേറ്റർ സി. ജോയ്സിയും

തദവസരത്തിൽ വി. തോമസ് ശ്ലീഹായെക്കുറിച്ച് വിവരിച്ചു. വിശിഷ്ടാതിഥികളുടെ ആശംസാപ്രസംഗങ്ങൾക്കുശേഷം യൂണിറ്റിന്റെ ആദ്യ ഭാരവാഹിയായ കുരിയൻ സാറെ പൊന്നാട അണിയിച്ച് ആദരിച്ചു. യൂണിറ്റിലെ നവദമ്പതിമാർക്കും നവജാതശിശുക്കൾക്കും പാരിതോഷികങ്ങൾ നൽകി ആദരിച്ചു. ലോഗോസ് ക്വിസ് വിജയിയായ ശ്രീമതി ഗ്രേയ്സി ജോണിക്കും സാഹിത്യ മത്സരത്തിൽ ഉന്നതവിജയം നേടിയ മേഴ്സി ജെസിന്റ, ആന്റണി ചിരോത എന്നിവർക്കും യോഗ പ്രകടനത്തിൽ ഉജ്ജ്വലപ്രകടനം കാഴ്ചവെച്ച നേഹ നെറ്റോയ്ക്കും ഫാൻസി ഡ്രസ്സ് മത്സരത്തിൽ പങ്കെടുത്ത നേഹ, ഒവിന മേരി എന്നിവർക്കും വിദ്യാഭ്യാസ രംഗത്ത് മികച്ച വിജയം കാഴ്ചവെച്ച കുട്ടികൾക്കും പാരിതോഷികങ്ങൾ നൽകി ആദരിച്ചു. കൂടാതെ എല്ലാ കുടുംബസമ്മേളനങ്ങൾക്കും മുടങ്ങാതെ വന്ന കുടുംബങ്ങൾക്കും, Lucky Person of the Day വ്യക്തിക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. സ്നേഹവിരുന്നിന് ശേഷം ശ്രീമതി ഗ്രേയ്സി ജോണിയുടെ നന്ദി പ്രകടനത്തോടെ 8 മണിയോടെ യോഗം അവസാനിച്ചു.

**സെക്രട്ടറി, വിജി സന്തോഷ്**

## സെന്റ് സേവിയേഴ്സ് കുടുംബകൂട്ടായ്മ

2024 ജൂലൈ 28-ാം തിയ്യതി വൈകീട്ട് 5 മണിക്ക് ശ്രീമതി ത്രേസ്യ തോമസ് അറക്കലിന്റെ ഭവനത്തിൽവച്ച് കൂടി. കുടുംബാംഗം തിരിതെളിയിച്ച് യോഗത്തിന് സ്വാഗതം ആശംസിച്ചു. ബഹു. സിസ്റ്റേഴ്സ് പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ബഹു. വികാരിയച്ചൻ, ഡീക്കൻ ആൽവിൻ എന്നിവർ സന്നിഹിതരായിരുന്നു. പ്രസിഡന്റ് ശ്രീ. ജോസഫ് രാജു അക്കര യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ അഡ്വ. സൈമൺ കണക്ക് അവതരിപ്പിച്ചു. പ്രസിഡന്റ് പ്രതിനിധിയോഗ ചർച്ചകൾ പങ്കുവച്ചു.

ഡീക്കൻ സന്ദേശം പങ്കുവച്ചു. ഭാരതത്തിലെ ആദ്യത്തെ വിശുദ്ധയായ വി. അൽഫോൻസമ്മയുടെ തിരുനാൾ ജൂലൈ 28ന് ആഘോഷിക്കുന്നു. അന്നുതന്നെയാണ് സഭയിൽ വി. ഇഗ്നേഷ്യസ് ലയോളയുടെ തിരുനാൾ ആഘോഷിക്കുന്നത് എന്നും, വി. തോമാശ്ലീഹായെക്കുറിച്ചും വിശദീകരിച്ചു.

ആഗസ്റ്റ് 15 സ്വർഗ്ഗാരോപിത മാതാവിന്റെ തിരുനാളിന്റെ ഒരുക്കമായ കൊടികയറ്റം ആഗസ്റ്റ് 4-ാം തിയ്യതി ആദ്യകുർബ്ബാനയ്ക്കുശേഷം മാതാവിന്റെ തിരുസ്വരൂപവും കിരീടവും ഏറ്റുവാങ്ങി ശ്രീമതി റോസി തോമസ് കരേരക്കാട്ടിലിന്റെ ഭവനത്തിൽ വെക്കാനും പിന്നീട് മറ്റു ഭവനങ്ങളിലേക്ക് കൊണ്ടുപോകാനും തീരുമാനിച്ചു. ജൂലൈ

13-ാം തിയ്യതി വൈകീട്ട് 5 മണിക്ക് കുട്ടികൂട്ടായ്മ യോഗം സെന്റ് തോമസ് യൂണിറ്റുമായി ചേർന്ന് ശ്രീ. ജോഷി കൊള്ളന്നൂരിന്റെ ഭവനത്തിൽവച്ച് കൂടി. കൈക്കാരന്മാരുടെ പാനലിലേക്ക് അഡ്വ. സൈമൺ മേലേത്ത്, ശ്രീ. അഗസ്റ്റിൻ തരകൻ എന്നിവരുടെ പേരുകൾ നൽകി. 6 മണിക്ക് നന്ദി പ്രകാശനത്തോടെ യോഗം സമാപിച്ചു.

**സെക്രട്ടറി, ഷീബ റാഫേൽ**

## ലിറ്റിൽ ഫ്ളവർ കുടുംബ കൂട്ടായ്മ



ലിറ്റിൽഫ്ലവർ കുടുംബ കൂട്ടായ്മയിലെ മാതാപിതാക്കന്മാർക്കും കുട്ടികൾക്കും ഇന്നത്തെ ജീവിതശൈലിയിലെ പോസ്റ്റീവ്-നെഗറ്റീവ് കാഴ്ച്ചപ്പാടുകളെ കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സ് തൃശ്ശൂർ വനിതാസെൽ സൈക്കോളജിസ്റ്റ് ശ്രീമതി. ശാലിനി അനീഷ് നേതൃത്വം നൽകിയതിൽ നിന്ന്......



South Indian Western Music competition, Piano (Channai) - 1st Prize - Nazneen Thomas

*അയ്യന്തോൾ സെന്റ്.മേരീസ് അസംപ്ഷൻ ചർച്ചിലെ കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഇടവകയിലെ എല്ലാ ഭവനങ്ങളിലേക്കും പച്ചക്കറി വിത്ത് നൽകുന്നതിന്റെ ഭാഗമായി ലിറ്റിൽ ഫ്ലവർ കുടുംബ കൂട്ടായ്മയിലെ അംഗമായ ഫ്രാൻസീസ് കെ. വർഗ്ഗീസിന് ഇടവക വികാരി റവ.ഫാ.വർഗ്ഗീസ്സ് എടക്കളത്തൂർ വിത്ത് വിതരണം യൂണിറ്റ് തലത്തിൽ നൽകിയതിൽ നിന്ന്....*



# ഹോളി ട്രിനിറ്റി കുടുംബ കൂട്ടായ്മ

## ആഗസ്റ്റ് മാസത്തെ കുടുംബ സമ്മേളന റിപ്പോർട്ട്.

ഹോളി ട്രിനിറ്റി കുടുംബ കൂട്ടായ്മയുടെ ആഗസ്റ്റ് മാസത്തെ കുടുംബ സമ്മേളനം ആഗസ്റ്റ് 18 ന് ഉച്ചകഴിഞ്ഞ് 3.30 ന് ശ്രീ. ഡോൺസൻ പനയ്ക്കലിന്റെ ഭവനത്തിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. യൂണിറ്റ് അംഗങ്ങൾ പ്രാർത്ഥനകൾ ചൊല്ലി. കൊള്ളന്നൂർ ജോയ് ഭാര്യ ലിസ്സി ടീച്ചറുടേ ആകസ്മിക നിര്യാണത്തിലും, പള്ളി മുൻ അക്കൗണ്ടന്റ് വി. ഐ. ഫ്രാൻസിസ് ചേട്ടന്റെ നിര്യാണത്തിലും വികാരി യച്ചന്റെ നേതൃത്വത്തിൽ മരിച്ചവർക്കായുള്ള പ്രാർത്ഥന ചൊല്ലി പരേതർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

ഡീക്കൻ ബ്രദർ ആൽവിൻ ജോൺ മരിയ വിയാനിയെക്കുറിച്ച് ഹൃസ്വമായി പ്രദിപാദിക്കുകയും ഒരു വൈദികനെ ഇടവക ജനം ഏതൊക്കെ രീതിയിലാണ് കാണുന്നത് എന്ന വിഷയത്തെക്കുറിച്ച് യൂണിറ്റ് അംഗങ്ങളോട് ചോദിച്ചറിയുകയും ചെയ്തു. ആഗസ്റ്റ് മാസം അവസാനം സെമിനാരിയിലെ തുടർ പഠനത്തിനായി മടങ്ങി പോകുന്ന ഡീക്കൻ യൂണിറ്റിനും, ഇടവകയ്ക്കും നൽകിയ സേവന ങ്ങളെപ്പറ്റി എടുത്ത് പറയുകയും, യൂണിറ്റ് പ്രസിഡന്റും, ജോ. സെക്രട്ടറിയും നൽകിയ ഉപഹാരങ്ങൾ ഡീക്കൻ സ്നേഹത്തോടെ ഏറ്റു വാങ്ങുകയും ചെയ്തു.

തുടർന്ന് വി. ലൂക്ക 15, 16 അദ്ധ്യായങ്ങളെ ആസ്പദമാക്കി വികാരിയച്ചൻ യോഗത്തിൽ പങ്കെടുത്ത ഏവർക്കും ബൈബിൾ ക്വിസ് നടത്തി. ഉത്തരങ്ങൾ എഴു താൻ കടലാസും, പേനയും വികാരിയച്ചൻ കരുതിയിരുന്നു ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ എഴുതിയ പനയ്ക്കൽ ചുമ്മാർ പോളിനേയും, പനയ്ക്കൽ ഡോൺസൺ ഭാര്യ ഷറീനയേയും അച്ചനും, ഡീക്കനും, മറ്റ് യൂണിറ്റ് അംഗങ്ങളും പ്രത്യേകം അഭിനന്ദിച്ചു. സെപ്റ്റംബർ മാസം വി. മത്തായി അദ്ധ്യായം 1, 2, 3 ഭാഗങ്ങ ളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാകുക എന്നും വികാരിയച്ചൻ യോഗത്തെ അറിയിച്ചു.

പതിവ് യോഗ നടപടികളായ സ്വാഗതം, റിപ്പോർട്ട്, കണക്ക്, ഹാജർ, ചായ സൽക്കാരം, നന്ദി എന്നിവ ഉണ്ടായിരുന്നു. 2025 ജനുവരി തിരുനാളിന് 10 പേരുടെ ബാൻഡ്മേളം ഹോളി ഫാമിലി യൂണിറ്റുമായി സഹകരിച്ച് 60000 രുപയ്ക്ക് ബുക്ക് ചെയ്ത വിവരം പ്രസിഡന്റ് യോഗത്തെ അറിയിച്ചു. അടുത്ത യോഗം സെപ്റ്റം ബർ 22 ന് 3.30 ന് ശ്രീ. എ.വി. പോൾ, അക്കരപട്ട്യേയ്ക്കലിന്റെ ഭവനത്തിൽ വെച്ച് കൂടാനും തീരുമാനിച്ചു. 20 അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു. സമാപന പ്രാർത്ഥനയോടെ 4.30 ന് യോഗം സമാപിച്ചു.

**– ജെഫി സുബിൻ, സെക്രട്ടറി.**

# സെന്റ് അൽഫോൻസാ കുടുംബ കൂട്ടായ്മ

## സെന്റ് അൽഫോൻസാ യൂണിറ്റിന്റെ 24 വാർഷിക ആഘോഷം.

സെന്റ് അൽഫോൻസാ യൂണിറ്റിന്റെ 24 മത് കുടുംബ കൂട്ടായ്മ വാർഷികാഘോഷം ജൂലൈ മാസം 28 ആം തീയതി ഞായറാഴ്ച സെൻമേരിസ് അസംപ്ഷൻ







ചർച്ച് പള്ളിയിൽ വച്ച് നടത്തുകയുണ്ടായി. ഞായറാഴ്ച രാവിലെ 6 30ന് കാഴ്ച സമർപ്പണത്തോടുകൂടി ബലിയാർപ്പണം ആരംഭിക്കുകയും യൂണിറ്റ് അംഗങ്ങളെല്ലാ വരും അതിൽ പങ്കെടുക്കുകയും ചെയ്തു

വൈകിട്ട് 5 30ന് സെന്റ് മേരീസ് ഹാളിൽ വച്ച് വാർഷിക പൊതുയോഗം ആരംഭിച്ചു. ശ്രീമതി ഗ്ലാഡിസ് റോയ്, ഷീല ബാബു, ആനിസ് ജോയ് എന്നിവർ ചേർന്ന് പ്രാർ ത്ഥനാ ഗാനം ആലപിച്ചു. കുടുംബ കൂട്ടായ്മ പ്രസിഡന്റ് ശ്രീ മേജോ കെ ജെ യുടെ അധ്യക്ഷതയിൽ ചേർന്ന വാർഷിക പൊതുയോഗത്തിൽ യൂണിറ്റ് പ്രസിഡണ്ട് ശ്രീ ജോബി ചിറ്റിലപ്പള്ളി എല്ലാവർക്കും സ്വാഗതം പറഞ്ഞു. സെക്രട്ടറി ശ്രീ ജോർജ് കുര്യൻ അല്ലക്കുഴ വാർഷിക റിപ്പോർട്ടും ട്രഷറർ ശ്രീ ജോയ് പൂവത്തിങ്കൽ വാർഷിക കണക്കും അവതരിപ്പിച്ചു യോഗം പാസാക്കി. ഇടവക വികാരി ഫാദർ വർഗീസ് എടക്കളത്തൂർ ഉദ്ഘാടന കർമ്മം നിർവഹിക്കുകയും യൂണിറ്റ് അംഗങ്ങളോട് സെന്റ് അൽഫോൻസാമ്മയെ കുറിച്ച് സംസാരിക്കുകയും ചെയ്തു. തുടർന്ന് അധ്യക്ഷൻ മേജോ കേ ജെ അധ്യക്ഷ പ്രസംഗം നിർവഹിക്കുകയും വിശുദ്ധ അൽഫോൻസാമ്മ യുടെ ജീവിതത്തിന്റെ വിവിധ വശങ്ങളെ കുറിച്ച് സംസാരിക്കുകയും ചെയ്തു. തദവസരത്തിൽ അധ്യക്ഷൻ യൂണിറ്റ് പ്രസിഡന്റ് ജോബി ചിറ്റില പള്ളിയുടെ സ്തുത്യ ർഹമായ സേവനങ്ങളെക്കുറിച്ച് സംസാരിക്കുകയും അദ്ദേഹത്തോടുള്ള സ്നേ ഹവും കടപ്പാടും അറിയിക്കുകയും ചെയ്തു. തുടർന്ന് ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് ബഹുമാനപ്പെട്ട അധ്വ നെറ്റോ നെല്ലിശേരി എന്നിവർ യൂണിറ്റിന് ആശംസകൾ അറിയിക്കുകയും ചെയ്തു.

അതിനുശേഷം യൂണിറ്റ് അംഗങ്ങൾ അവതരിപ്പിച്ച വിവിധങ്ങളായ കലാപ രിപാടികളും ഗാനങ്ങളും നൃത്ത ദൃശ്യാവിഷ്കരണങ്ങളും അതിമനോഹരമായിരുന്നു. കഴിഞ്ഞ അധ്യായന വർഷത്തിൽ മികച്ച വിജയം നേടിയവരെ അഭിനന്ദിക്കുകയും വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനം നേടിയവരെ അഭിനന്ദിക്കുകയും ചെയ്തു. തുടർന്ന് നടത്തിയ ക്വിസ് മത്സരത്തിൽ ഒട്ടേറെ പേർ സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. തുടർന്ന് ഒരുക്കിയിരുന്ന സ്നേഹവിരുന്നിലും എല്ലാവരും പങ്കെടുക്കുകയും ഉണ്ടായി. തുടർന്നു ശ്രീമതി ഗ്ലാഡി റോയ് നന്ദി രേഖപെടുത്തുകയും തുടർന്നു യോഗം പിരിയുകയും ചെയ്തു.

**സെക്രട്ടറി,ജോർജ്ജ് കുരിയൻ അല്ലകുഴ**

# സംഘടനാ വാർത്തകൾ

## KCYM



KCYM അയ്യന്തോളിൻറെ നേതൃത്വത്തിൽ റാണി മേനോൻ Max Vision Eye ഹോസ്പിറ്റലുമായി സഹകരിച്ച് നടത്തിയ സൗജന്യ നേത്ര പരിശോധനാ ക്യാമ്പ് ജൂലൈ 14 രാവിലെ വിശുദ്ധ കുർബാനയ്ക്ക് ശേഷം വികാരി റവ.ഫാ. വർഗീസ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു.ഡീക്കൻ ആൽവിനും അനിമേറ്റർ Sr ഹിത ഫ്രാൻസിസ് CHF ഉം സന്നിഹിതരായിരുന്നു

KCYM അയ്യന്തോളിന്റെ നേതൃത്വത്തിൽ റാണി മേനോൻ Max Vision Eye ഹോസ്പിറ്റലുമായി സഹകരിച്ച് നടത്തിയ സൗജന്യ നേത്ര പരിശോധനാ ക്യാമ്പ് ജൂലൈ 14 രാവിലെ വിശുദ്ധ കുർബാനയ്ക്ക് ശേഷം വികാരി റവ.ഫാ. വർഗീസ്

എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു.ഡീക്കൻ ആൽവിനും അനിമേറ്റർ Sr ഹിത ഫ്രാൻസിസ് CHF ഉം സന്നിഹിതരായിരുന്നു

ആഗസ്റ്റ് 15th സ്വർഗ്ഗോരോപിത മാതാവിന്റെ തിരുന്നാളിനോടനുബന്ധിച്ചു KCYM അയ്യന്തോൾ യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകയിലെ കുരുന്നുകൾക്കായി നടത്തിയ **QUEEN MARY CONTEST 2K24** ൽ പങ്കെടുത്ത കുരുന്നുകൾ

**ആദ്യ category ലെ വിജയികൾ**
**(1ാംക്ലാസ്സ് മുതൽ 4-ാംക്ലാസ്സ് വരെ)**

1st prize : Ann Merin, std 1, St. Xavier unit
2nd Prize : Liss merin, std 3, St.Xavier Unit
3rd Prize : Aradhya mariya jinto, Std 3, St.peter Unit

**രണ്ടാം category ലെ വിജയികൾ**
**(5ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെ)**

1st prize : Fiona joe, Std 5, St. Alphonasa Unit
2nd prize : Neha ann netto, std 8, St. Thomas Unit
3rd prize : Ovina mary, std 8, St.Thomas Unit
Liya Rose K, Std 6, St. Xavier Unit



**പങ്കെടുത്ത എല്ലാം കുരുന്നുകൾക്കും അഭിനന്ദനങ്ങൾ**

# C.L.C

അയ്യന്തോൾ സി എൽ സി യുടെ ആഭിമുഖ്യത്തിൽ വിശുദ്ധ ഇഗ്നേഷ്യസ് ലെയോ ളയുടെ അനുസ്മരണ ചടങ്ങ് 28/7/24 ന് സെന്റ് മേരിസ് അസംപ്ഷൻ ദേവാല യത്തിൽ നടന്നു.

അന്നേദിവസം രണ്ടാമത്തെ വിശുദ്ധ കുർബാനയ്ക്ക് സി എൽ സി നേതൃത്വം നൽകി. വിശുദ്ധ കുർബാനയ്ക്ക് ശേഷം ചെറിയ പാരിഷ് ഹാളിൽ വച്ച് പൊതുയോഗം കൂടുകയുണ്ടായി. പ്രാർത്ഥനയോടുകൂടി തുടങ്ങിയ യോഗത്തിന്റെ സ്വാഗതം പ്രസിഡന്റ് അലൻ പോൾസൺ നിർവഹിച്ചു .ചടങ്ങിന്റെ അധ്യക്ഷപദം അലങ്കരിച്ച് അയ്യന്തോൾ ഇടവക വികാരി റവ ഫാ വർഗീസ് എടക്കളത്തൂർ സംസാരിച്ചു. ഉദ്ഘാടന കർമ്മം ബസിലിക്ക ഫൊറോന സി എൽ സി പ്രമോട്ടർ ഫാ ജോമോൻ താണിക്കൽ നിർവഹിച്ചു. തുടർന്ന് വിശുദ്ധ ഇഗ്നേഷ്യസ് ലയോളയെ പറ്റി അതി രൂപത സി എൽ സി പ്രസിഡന്റ് ജെറിൻ സംസാരിച്ചു. തുടർന്ന് 30/6/24 ന് നട ത്തിയ Essay competition ന്റെ വിജയികൾക്ക് സമ്മാനദാനം നടത്തി. തുടർന്ന് സി എൽ സി അംഗങ്ങളുടെ കലാപരിപാടികൾ ഉണ്ടായിരുന്നു. ആശംസകൾ അർപ്പിച്ച് സിസ്റ്റർ ലിഖിയ റാഫേൽ, ഡീക്കൻ ആൽവിൻ വർഗീസ് എന്നിവർ സംസാരിച്ചു. സി. എൽ. സി. ബസിലിക്ക ഫൊറോന പ്രസിഡന്റ്, അയ്യന്തോൾ സി എൽ സി ജനറൽ കോഡിനേറ്റർ റോഷൻ റോയിയുടെ നന്ദിയോടെ പൊതുയോഗം പര്യാവ സാനിച്ചു.

ഓഗസ്റ്റ് 15 സ്വർഗ്ഗാരോപിത മാതാവിന്റെ ഊട്ടുത്തിരുനാൾ ദിവസം ഡാമിയൻ ഇൻ സ്റ്റിറ്റ്യൂട്ടിലേക്ക് ഭക്ഷണം നൽകി. 18-08-2024ന് സെന്റ് പോൾസ് യൂണിറ്റിലെ അംഗങ്ങൾ പൊതി ചോറു നൽകി.

ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് ഭക്ഷണം നൽകി സഹകരിച്ച വികാരിയച്ചനും ഊട്ടു തിരുനാൾ കമ്മറ്റിക്കും, സെന്റ് പോൾ യൂണിറ്റിലെ അംഗങ്ങൾക്കും അയ്യന്തോൾ സി.എൽ.സി. യൂണിറ്റിന്റെ പേരിലും കമ്മറ്റിയുടെ പേരിലും പ്രത്യേകം നന്ദി അറിയി ക്കുന്നു. തുടർന്നും സഹകരണം പ്രതീക്ഷിക്കുന്നു.

**സി എൽ സി യുടെ ആഭിമുഖ്യത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി നടത്തിയ മരിയൻ ചാർട്ട് മത്സരത്തിന്റെ വിജയികൾ**

## Category 1 5th - 8 th std


1st Prize - std 8


2nd Prize Std 5

# 4th Anniversary In Heaven





# Mrs. Veronica Davies

W/o Kuruthukulangara
Pellissery Davies

Born : 14.05.1939    Died : 01.09.2020

*Always Treasured in
Our Memory*

*Sorrowing Family*

St Pauls Unit

# In Loving Memory of



**Mr. T.I. Antony**
(Retd. Sales Tax Commissioner)

**Mrs. Annakutty Antony**
(Retd. Agri. Income Tax Officer)

**Tharakan House, Ayyanthole**

Born : 16.01.1921
Died : 16.09.1992

Born : 12.06.1924
Died : 24.10.2008

*Inserted by :*

Dr. Joy Anto, & Leena Joy,
Dr. Renu & Rego Francis
Reyma & Bino Babu
Francis Rego & Joel Rego

St. Peter Unit

# 4th Death Anniversary

28.09.2024



## N.M. DAVIS

Thekkanath Nallengara House
Abhilash Corner, Puthurkkara
Ayyanthole

Born : 11.07.1945 Died : 28.09.2020

**St John's Unit**

# സ്നേഹസ്മരണയ്ക്ക്









## കൊള്ളന്നൂർ ജോയ് ഭാര്യ

## ലിസി

ജനനം : 26-11-1959   മരണം : 13-08-2024

**ആത്മാവിന്റെ അനശ്വരമായ വിശുദ്ധ മന്ദിരത്തിലേയ്ക്ക്**
**നന്മനിറഞ്ഞ ഓർമ്മകൾ നൽകി ഞാൻ തിരിച്ച് പോകുന്നു**
**നിങ്ങളുടെ പ്രാർത്ഥനാനിമിഷങ്ങളിൽ എന്നേയും കൂടി സ്മരിക്കണമേ.**

**സ്നേഹസ്മരണകളോടെ കുടുംബാംഗങ്ങൾ**

**ഹോളി ട്രിനിറ്റി യൂണിറ്റ്**

## Category 2  9th std - ACC



1st Prize Std 11 A



2nd Prize Std 12

വിജയികൾക്കുള്ള സമ്മാനങ്ങൾ 18.8.2024 ഞായർ രണ്ടാം കുർബ്ബാനക്കു ശേഷം നൽകുന്നതായിരിക്കും.

പങ്കെടുത്തു സഹകരിച്ച എല്ലാ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കും C.L.C യുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

## വിൻസെന്റ് ഡി പോൾ





St. അൽഫോൻസാ വനിതാ കോൺഫറൻസ്

ജൂലൈ 28 നു വി. അൽഫോൻസാമ്മയുടെ തിരുനാൾ 6.30A M നുള്ള ദിവ്യ ബലിയിൽ, കാഴ്ച്ച സമർപ്പ്നത്തോടെ ആഘോഷിച്ചു.

CLC നടത്തിയ Marian Quiz മത്സരത്തിൽ ഒന്നാം സമ്മാനം Smt Sudha Antony യും St. Pauls unit അംഗീ Smt. Rosy Johny യും ചേർന്ന ടീമിന് ലഭിക്കുകയുണ്ടായി.

June മാസത്തിൽ CLC യുടെ ആഭിമുഖ്യത്തിൽ 'ഈശോയുടെ തിരുഹൃദയം കാതോലിക്കേ സഭയിൽ' എന്ന വിഷയത്തെ അസ്പദമാക്കി നടത്തിയ ഉപന്യാസ മത്സരത്തിൽ Smt. Sudha Antony, smt. Stella Jaisen എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്തമാക്കി.

വിൻസെന്റ് ഡി പോൾ തൃശൂർ വെസ്റ്റ് AC യുടെ 43 -ാം വാർഷികം നമ്മുടെ ഇടവകയിൽ നടത്തപെടുകയും വികാരിയച്ഛൻ Rev. Fr. Varghese Edakkalathur അനുഗ്രഹ പ്രഭാഷണം നടത്തുകയും വനിത അംഗങ്ങൾ പ്രയർ ഡാൻസ് അവതരിപ്പിക്കുകയും ചെയ്തു





# യാക്കോബ് കണ്ട ഗോവണി

**മഞ്ജു ഡേവീസ്,**
**സെന്റ് മേരീസ് യൂണിറ്റ്**

യാക്കോബ് കണ്ട ഗോവണിയെ വി. ഫ്രാൻസിസ് സാലസ് വർണിക്കുന്നത് ഇപ്രകാരമാണ്. ആ ഗോവണി ഉപയോഗിച്ചിരുന്ന മാലാഖമാർ ചിറകുകൾ ഉണ്ടായിരുന്നിട്ടും പറക്കാതെ പടിപടിയായി ക്രമമായ രീതിയിൽ കയറുകയും ഇറങ്ങുകയും ചെയ്യുകയായിരുന്നു (ഉൽപ്പ. 26:12-15). പാപത്തിൽനിന്ന് ഭക്തജീവിതത്തിലേക്ക് ചുവടുവയ്ക്കുന്നത് ഏതൊരു വ്യക്തിയും ഉഷസ്സിനു തുല്യനാണ്. അത് പെട്ടെന്ന് അന്ധകാരത്തെ അകറ്റുന്നില്ല. സാവധാനത്തിൽ അല്പാല്പമായാണ് അത് ചെയ്യുന്നത്.

"സാവധാനത്തിലുള്ള രോഗശമനം സുനിശ്ചിതമാണ്" എന്നൊരു ചൊല്ലുണ്ട്. ശാരീരിക രോഗങ്ങൾപോലെ ആദ്ധ്യാത്മിക രോഗങ്ങളും പലപ്പോഴും കുതിര പ്പുറത്തെന്നതുപോലെ വളരെ വേഗത്തിൽ വരികയും കാൽനടയായി എന്ന തുപോലെ സാവധാനത്തിൽ വിട്ടുപോവുകയും ചെയ്യുന്നു. ആകയാൽ ഭക്താ ഭ്യാസങ്ങളിൽ നിലനിൽക്കാൻ നമുക്ക് ധൈര്യവും ക്ഷമയും അത്യാവശ്യമാണ്. നമ്മിലെ അപൂർണ്ണതകൾ കണ്ട് നാം ആകുലചിത്തരും ക്ലേശിതരും നിരാശ പ്പെടുകയും അരുത്. അവയോടുള്ള പോരാട്ടത്തിലാണ് നമ്മുടെ പരിപൂർണത അടങ്ങിയിരിക്കുന്നത്.

# ത്രിലോകരാജ്ഞി

ശോഭന ആന്റോ,
ഹോളി ട്രിനിറ്റി



പന്ത്രണ്ട് നക്ഷത്രമുടിയുള്ള പൂവേ...
പൂവേ... പൂവേ.. റോസാപൂവേ
മുള്ളുകൾ നിറഞ്ഞൊരു താഴ്‌വരയിൽ
മന്ദസ്മിതത്താൽ നീ നടന്ന് നീങ്ങി
ഒടുവിൽ നീ കാൽവരിമാമലയിൽ
കുരിശിൻചുവട്ടിൽ നീ ഉറച്ച്നിന്ന്
നിൻ മകനെ ബലിയായ് ഏകിയല്ലോ
പൂവേ... പൂവേ... റോസാപൂവേ.
വ്യാകുല വാളേഴും തുളച്ച്കേറി
ഹൃദയം നുറുങ്ങും നേരത്തെല്ലാം
ആത്മാവിൽ പൂരിതയായ പൂവേ
മൗനത്തിൽ മാത്രം അഭയം തേടി
അമലമനോഹരി അമ്മയായി
സ്വർഗ്ഗത്തിൽ രാജ്ഞിയായ് മാറിയല്ലോ
പൂവേ... പൂവേ... റോസാപൂവേ
ദൈവത്തിൻ ദാസിയായ് മാറിയപ്പോൾ
ദൈവകുമാരന് അമ്മയായ് ഉയർത്തിയല്ലോ
സ്വർഗ്ഗാരോപിത ഞങ്ങളുടെ അമ്മയായ്
ത്രിലോകരാജ്ഞിയായ് വാഴ്ത്തിടുന്നു
നിന്നെ ഭൂലോകം മുഴുവൻ നമിച്ചിടുന്നു
ഞങ്ങളും നിന്നെ വണങ്ങിടുന്നു.
പൂവേ പൂവേ റോസാപൂവേ

# വി. ജോൺ ക്രിസോസ്റ്റം

## – ദൈവവചനശുശ്രൂഷകരുടെ മധ്യസ്ഥൻ




സഭാപിതാക്കന്മാരിൽ പ്രമുഖനാണ് വി. ജോൺ ക്രിസോസ്റ്റം. സത്യവിശ്വാസത്തിന്റെ സംരക്ഷകനായി അറിയപ്പെടുന്നു. ക്രിസോസ്റ്റം എന്ന പേരിന്റെ അർത്ഥം 'സ്വർണ്ണനാവുകാരൻ' എന്നാണ്.

**AD 344** ൽ അന്ത്യോക്യായിൽ സിക്കൂത്തിസിന്റേയും അന്തൂസായുടേയും മകനായി ജനിച്ചു. മാമ്മോദീസ പേര് ജോൺ. അമ്മയായ അന്തൂസ തന്റെ തികഞ്ഞ യൗവനത്തിൽ 20-ാമത്തെ വയസ്സിൽ വിധവയായി. മറ്റൊരു വിവാഹത്തെപറ്റി ചിന്തിക്കാതെ തന്റെ പ്രിയപ്പെട്ട മകനെ ദൈവത്തിന് പ്രിയപ്പെട്ടവനായി വളർത്താനുള്ള തന്റെ തീരുമാനം സഭയ്ക്ക് സഭാപിതാവായി വി.ജോൺ ക്രിസോസ്റ്റത്തെ സമ്മാനമായി ലഭിച്ചു.

ജോണിന് പ്രാഥമിക വിദ്യാഭ്യാസവും ആദ്ധ്യാത്മിക ശിക്ഷണവും നൽകിയത് അമ്മയായിരുന്നു. അതിനുശേഷം പ്രഗല്ഭരായ അധ്യാപകരുടെ കീഴിൽ ഉന്നതവിദ്യാഭ്യാസം നേടി. ഏ.ഡി. 309-ൽ തന്റെ 18-ാമത്തെ വയസ്സിൽ മാമ്മോദീസ സ്വീകരിച്ചു. ഒരു സന്ന്യാസിയാകാനുള്ള തന്റെ തീരുമാനം സഫലമായത് ഏ.ഡി. 386 ൽ ആണ്. ഇതിനകംതന്നെ പൗരോഹിത്യത്തെപ്പറ്റി ആറ് നിസ്തുല ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. സമൂഹത്തിലും സഭയിലും നടമാടിയിരുന്ന അധാർമ്മികതയെ ഈ സ്വർണ്ണനാവുകാരൻ നിശിതമായി വിമർശിച്ചിരുന്നു; അദ്ദേഹം പക്ഷെ പാപികളോട് അളവറ്റ കരുണ കാണിക്കുന്നവനായിരുന്നു.

വളരെയധികം ഗ്രന്ഥങ്ങൾ വി.ജോൺ ക്രിസോസ്റ്റം സഭയ്ക്ക് സമ്മാനിച്ചിട്ടുണ്ട്. തന്റെ പ്രസംഗങ്ങളിലെ മുഖ്യവിഷയം ദരിദ്രരോട് പക്ഷം ചേരുന്നതിനെപ്പറ്റിയായിരുന്നു. കറതീർന്ന വ്യക്തിത്വവും ആത്മാർത്ഥത നിറഞ്ഞ ജീവിതം തന്നെ ലൗകിക ദൃഷ്ടിയിൽ അദ്ദേഹത്തെ ദുരന്തത്തിൽ എത്തിച്ചു.

പൊൻത്തൂസിൽവച്ച് 407 സെപ്തംബർ 14-ാം തിയതി തന്റെ 60-ാം വയസ്സിൽ തിരുപാഥേയം സ്വീകരിച്ച് അദ്ദേഹം സ്വർഗ്ഗഭാഗ്യത്തിന് അർഹനായി. 1568ൽ പിയൂസ് അഞ്ചാമൻ മാർപാപ്പ വി.ജോൺ ക്രിസോസ്റ്റത്തെ വേദപാരംഗതനായി പ്രഖ്യാപിച്ചു. സെപ്തംബർ 13ന് തിരുസഭ വിശുദ്ധന്റെ തിരുനാൾ ആചരിക്കുന്നു. 1909 ൽ പിയൂസ് പത്താമൻ മാർപാപ്പ ദൈവവചനശുശ്രൂഷകരുടെ മധ്യസ്ഥനായി വി.ജോൺ ക്രിസോസ്റ്റത്തെ ഉയർത്തി.

അദ്ദേഹത്തിന്റേതായ കുറച്ച് വചനങ്ങൾ ഇതാണ്.

1. കുഞ്ഞുങ്ങൾക്ക് വിശുദ്ധരുടെ പേരുകൾ നൽകണം. (അത് കുഞ്ഞുങ്ങൾ വിശുദ്ധരായി വളരുന്നതിലും ഉപരി മാതാപിതാക്കൾക്ക് തങ്ങൾ വിശുദ്ധർക്കാണ് ജന്മം നൽകിയത് എന്ന് ഓർമ്മപ്പെടുത്തുന്നതിനാണ്.)
2. വൈക്കോലിനെ സ്വർണ്ണമാക്കുന്നതിനേക്കാൾ നല്ലത് സ്വർണ്ണത്തെ വൈക്കോലാക്കുക എന്നതാണ്. (ലോകത്തിലെ മോഹങ്ങളെ വെറും തൃണമായി കണക്കാക്കാൻ നിനക്ക് സാധിച്ചാൽ അതാണ് ഏറ്റവും വലിയ അത്ഭുതം).
3. ദേവാലയ കവാടത്തിൽ ഭിക്ഷക്കാരനെ കാണാൻ സാധിക്കാത്തവന് കാസായിൽ ദൈവത്തെ കാണാൻ സാധിക്കുകയില്ല.
4. ശരീരത്തിന് മുറിവും മരുന്നും പോലെയാണ് ആത്മാവിന് പാപവും പശ്ചാത്താപവും.
5. നമ്മൾ പുണ്യത്തിന്റെ പാരമ്യത്തിലാണെങ്കിലും ദൈവത്തിന്റെ കരുണയില്ലെങ്കിൽ രക്ഷപ്രാപിക്കാൻ സാധിക്കുകയില്ല.
6. പുസ്തകത്തിൽ എഴുതാനുള്ളതല്ല ദൈവവചനം, പിന്നെയോ അത് ഹൃദയത്തിൽ എഴുതാനുള്ളതാണ്.
7. ഒരു പുണ്യവും മഹത്തരമാകില്ല, അത് മറ്റുള്ളവർക്ക് നന്മയായി തീരുന്നില്ലെങ്കിൽ.
8. സഭയെ നശിപ്പിക്കുന്നത്, കേൾവിക്ക് ഇമ്പമുള്ളത് കേൾക്കാനാഗ്രഹിക്കുന്ന ശ്രോതാക്കളും അത് സാധിച്ചു കൊടുക്കുന്ന പ്രാസംഗികളും ആണ്.
9. ഭൂമിയിൽ സ്വർഗ്ഗത്തിലേക്കുള്ള യാത്രയിലെ കൂട്ടുകാരാണ് ദമ്പതികൾ.
10. തേനീച്ച മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തമാകുന്നത് അത് മറ്റുള്ളവർക്കുവേണ്ടി മാത്രം അധ്വാനിക്കുന്നതുകൊണ്ടാണ്.

**നൈന ഷാജു**
സെന്റ് ആന്റണീസ് യൂണിറ്റ്



# വി. പാദ്രെപ്രിയോ

## ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

**ഡെയ്സി അന്തപ്പൻ, സെന്റ് മേരീസ് യൂണിറ്റ്**



1887 മെയ് 25ന് ഗ്രാസിയോയുടെയും ജ്യൂസെപ്പായുടെയും രണ്ടാമത്തെ പുത്രനായി പാദ്രെപിയോ ജനിച്ചു. പിറ്റേ ദിവസംതന്നെ മാതാപിതാക്കൾ കുട്ടിയെ മാലാഖമാരുടെ രാജ്ഞിയുടെ ദേവാലയത്തിൽ കൊണ്ടുപോയി മാമ്മോദീസ നൽകി. ഫ്രാൻസിസ് അസ്സീസിയോട് ജ്യുസെപ്പായ്ക്കുണ്ടായിരുന്ന പ്രത്യേക ഇഷ്ടത്താൽ അവർ കുഞ്ഞിന് ഫ്രാൻസിസ് എന്നു പേരിട്ടു. ഇറ്റലിയിലെ ബെനവെന്തോയ്ക്ക് ഏകദേശം 600 മൈൽ വടക്കുമാറി സ്ഥിതിചെയ്യുന്ന ഗ്രാമമാണ് പിയെത്രെൾചിനാ. ഈ ദരിദ്രഗ്രാമത്തിന് ബാഹ്യലോകവുമായുള്ള ഏകബന്ധം ഒരു കഴുതച്ചാൽ മാത്രമായിരുന്നു. തികച്ചും ഒറ്റപ്പെട്ട സ്ഥലം. ജനസംഖ്യ വളരെ കുറവായിരുന്നു. പ്രകൃതിയുടെ സൗന്ദര്യവിശേഷങ്ങളെയും തനിക്കുചുറ്റും ജീവിക്കുന്ന സാധാരണക്കാരായ ജനങ്ങളെയും ഫ്രാൻസിസ് വളരെയധികം സ്നേഹിച്ചു. സ്നേഹത്തിന്റേയും പ്രാർത്ഥനയുടേയും അന്തരീക്ഷത്തിലാണ് ഫ്രാൻസിസ് വളർന്നത്. ചെറുപ്പം മുതൽ അനുസരണം അവൻ ശീലിച്ചു. കുഞ്ഞുനാളിൽതന്നെ കളികളെക്കാളുപരി പ്രാർത്ഥനയ്ക്കും ധ്യാനത്തിനും താല്പര്യം കാണിച്ചു. രാവിലെയും വൈകുന്നേരവും മാലാഖമാരുടെ രാജ്ഞിയുടെ പള്ളിയിൽപോയി അല്പസമയം പ്രാർത്ഥിക്കുക എന്നത് അവന്റെ ഒരു ശീലമായിരുന്നു.

കേവലം അഞ്ചുവയസ്സുള്ളപ്പോൾത്തന്നെ വൈദികനാകാനുള്ള ആഗ്രഹം അവൻ പ്രകടിപ്പിച്ചുതുടങ്ങി. കുഞ്ഞുനാളിൽത്തന്നെ മറ്റുള്ളവരുടെ പാപങ്ങൾക്ക് പരിഹാരമായി പ്രായശ്ചിത്തപ്രവൃത്തികളും ആരും പറഞ്ഞുകൊടുക്കാതെതന്നെ ചെയ്തുതുടങ്ങി. തങ്ങളുടെ മകനെ സെമിനാരിയിൽ വിടണമെങ്കിൽ നല്ല വിദ്യാഭ്യാസമുണ്ടാകണം. അതിന് സ്കൂളിലെ സംവിധാനങ്ങൾ മതിയാകുമായിരുന്നില്ല. മകന്റെ മാനസികാവസ്ഥ മനസ്സിലാക്കിയ പിതാവ് അവനെ ആഞ്ചലോകക്കാവോ എന്ന അല്മായന്റെ സ്കൂളിൽ ചേർത്തു. അവിടെവച്ച് ലത്തീൻ, ഇറ്റാലിയൻ ഭാഷാ വ്യാകരണം, കണക്ക് എന്നിവ പഠിച്ചു. അങ്ങനെ 1902 ൽ വിദ്യാഭ്യാസത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി.

അവൻ സെമിനാരിയിൽ ചേരാൻ തീരുമാനിച്ചു. അതിനായി പ്രാർത്ഥിച്ചു. തിരഞ്ഞെടുത്തത് കപ്പൂച്ചിൻ സഭയാണ്. 1903 ജനുവരി ആറിന് മാർക്കോന്നയിലുള്ള കപ്പൂച്ചിൻ നൊവിഷ്യേറ്റിൽ പ്രവേശിച്ചു. പിയെത്രെൾചിനായിൽനിന്ന് ഇരുപത്തഞ്ചു

മൈൽ അകലെയായിരുന്നു. മാർക്കോണം സഭയിലെ നിയമപ്രകാരമുള്ള ധ്യാനത്തിനുശേഷം ജനുവരി ഇരുപത്തിരണ്ടിന് ഫ്രാൻസിസിന് നോവീസിന്റെ വസ്ത്രം നൽകപ്പെട്ടു. അന്ന് ഫ്രാൻസിസ് എന്ന പേരുമാറ്റി പിയോ എന്ന പേര് സ്വീകരിച്ചു. കുടുംബപേരിന് പകരം ജന്മനാടിന്റെ പേരും. തിരുപ്പട്ടസ്വീകരണം വരെ ബ്രദർ പിയോ പിയെത്രെൾചിനാ എന്നാണറിയപ്പെട്ടിരുന്നത്. പരിശീലനകാലഘട്ടത്തിൽ അനുസരണത്തിലും വിധേയത്വത്തിലും ആത്മസംയമനം കാണിക്കുന്നതിലും ഈ വൈദികവിദ്യാർത്ഥി മുൻപന്തിയിലായിരുന്നു. നൊവിഷ്യേറ്റ് വർഷാവസാനത്തിൽ പിയോ പ്രഥമ വ്രതവാഗ്ദാനം നടത്തി. 1908ൽ ബെവെണോ കത്തീഡ്രലിൽവച്ച് ആദ്യപട്ടങ്ങൾ സ്വീകരിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം സബ് ഡീക്കൻ പട്ടവും. ഈ കാലഘട്ടങ്ങളിലെല്ലാം അവന്റെ പ്രധാന സവിശേഷത നീണ്ട മണിക്കൂറുകൾ പ്രാർത്ഥനയിലും ധ്യാനത്തിലും ചിലവഴിച്ചിരുന്നു എന്നതാണ്. പിയോയുടെ ആരോഗ്യനില അത്ര നല്ലതല്ലായിരുന്നു. ആരോഗ്യനില മോശമായിക്കൊണ്ടിരുന്നു. ശക്തമായ നെഞ്ചുവേദനയും തലവേദനയും വാതവും പനിയും കൂടെക്കൂടെ അദ്ദേഹത്തെ അലട്ടി. ഈ രോഗത്തിന്റെ നടുവിലും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും പഠനത്തിനും കുറവൊന്നും വരുത്തിയില്ല. ക്രിസ്തുവിനെ അനുഗമിക്കുക. അവനോടുകൂടി സഹിക്കുക എന്നത് മാത്രമായിരുന്നു ഈ പുരോഹിതന്റെ വാഞ്ഛന.

അദ്ദേഹത്തിന്റെ അമ്മ കർമ്മലമാതാവിന്റെ ഒരു ഭക്തയായിരുന്നു. കുഞ്ഞുനാൾ മുതൽ ആ ചൈതന്യം പാദ്രെപിയോക്കും കിട്ടിയിരുന്നു. യുവാവായിരിക്കെ കപ്പൂച്ചിൻ നൊവിഷ്യേറ്റിലേക്കു പോകാൻനേരം അമ്മ സമ്മാനിച്ചത് ഒരു ജപമാലയായിരുന്നു. തുടർന്നിങ്ങോട്ടുള്ള ജീവിതത്തിൽ ജപമാല മുടക്കിയിട്ടില്ല. ആശ്രമത്തിലും ഹാളിലും ദേവാലയത്തിലും കുമ്പസാരക്കൂട്ടിലേക്ക് പോകുമ്പോഴും വരുമ്പോഴും കയ്യിൽ ജപമാലയുമായിട്ടാണ് അദ്ദേഹത്തെ കാണാൻ സാധിച്ചിരുന്നത്. മാതാവ് പലപ്പോഴും അദ്ദേഹത്തിന് പ്രത്യേക്ഷപ്പെട്ടിരുന്നു. 1968 സെപ്റ്റംബർ ഇരുപത് സാൻജിയോവാനിറൊത്തോന്തോയിൽ ഒരു വലിയ ജനസഞ്ചയം ഒരുമിച്ചുകൂടി. അന്നു പിയോ അച്ചൻ പഞ്ചക്ഷതം സ്വീകരിച്ചതിന്റെ അമ്പതാം വാർഷികമായിരുന്നു. അന്ന് ഈ പുരോഹിതന്റെ പ്രായം എൺപത്തി ഒന്ന് വയസ്സ്. മരണത്തിന്റെ വക്കോളമെത്തിയിരുന്നെങ്കിലും അന്നത്തെ ബലിയിലും ആരാധനയിലും സംബന്ധിച്ചു. അപ്പോഴേക്കും ശാരീരികമായി വളരെ ക്ഷീണിച്ചിരുന്നു. സെപ്റ്റംബർ 22-ാം തിയ്യതി കുർബാന അർപ്പിച്ചെങ്കിലും അന്ത്യത്തിൽ കുഴഞ്ഞുവീണു. പിറ്റേന്ന് പുലർച്ചെ 2.30 ന് കുമ്പസാരിച്ച് വ്രതവാഗ്ദാനം നവീകരിച്ചു. സെപ്റ്റംബർ 23-ാം തിയ്യതി ഈശോയുടെയും മാതാവിന്റെയും നാമം ഉച്ചരിച്ചുകൊണ്ട് പാദ്രെപിയോ ഇഹലോകവാസം വെടിഞ്ഞു. അൻപത്തെട്ടുവർഷത്തെ പൗരോഹിത്യജീവിതത്തിന്റെ കാൽവരി അവിടെ അവസാനിച്ചു. "പരിശുദ്ധ അമ്മയെ സ്നേഹിക്കുക, ആ സ്നേഹം അനുഭവിക്കുക. എപ്പോഴും ജപമാല ചൊല്ലുക. ജപമാലഭക്തിയിൽ കഴിയുന്നത്ര വ്യാപൃതരായിരിക്കുക."

# വസ്ത്രത്തിന്റെ വിളുമ്പിൽ നിന്നും ഹൃദയത്തിലേക്ക്

ബീന വിൻസെന്റ്, സെന്റ് മേരീസ് യൂണിറ്റ്

അവൾക്ക് 12 വർഷമായി രക്തസ്രാവമുണ്ടായിരുന്നു. രോഗത്തിന്റെ ആധിക്യത്താൽ വേദനിച്ച് കഴിഞ്ഞിരുന്ന ഒരു സ്ത്രീ തന്റെ സമ്പത്ത് മുഴുവൻ ചിലവാക്കിയിട്ടും ഒന്നും ഗുണം ചെയ്യാതെ വേദനിച്ച ഒരു സ്ത്രീ അവൾ ഈശോയെപറ്റി കേട്ടിരുന്നു. ഈശോ അനേകരെ സുഖപ്പെടുത്തിയതായും അവൾ കേട്ടിരുന്നു. അവന്റെ വസ്ത്രത്തിൽ സ്പർശിച്ചാൽ സൗഖ്യം ലഭിക്കുമെന്ന് അവൾ കരുതാൻ കാരണം അവളുടെ അറിവിൽ ക്രിസ്തു തൊട്ടു സുഖപ്പെടുത്തുന്നവനായിരുന്നു.

രക്തസ്രാവമുള്ള ഒരു സ്ത്രീ യഹൂദപാരമ്പര്യമനുസരിച്ച് അശുദ്ധയാണ്. അവളെ സ്പർശിക്കുന്നവരും അശുദ്ധരാണ്. യഹൂദഗുരുവായ ക്രിസ്തു ഈ നിയമം കാരണം തന്നെ തൊട്ടു സുഖപ്പെടുത്താൻ തയ്യാറാവില്ല എന്ന് അവൾ കരുതി. അതിനാൽ തന്നെ അവന്റെ മുൻപിൽ വരാനോ സൗഖ്യത്തിനായി യാചിക്കാനോ അവൾക്ക് ഭയമായിരുന്നു. ഈ സാഹചര്യത്തിലാണ് അവന്റെ വസ്ത്രത്തിൽ സ്പർശിച്ച് സൗഖ്യം നേടാൻ അവൾ തീരുമാനിക്കുന്നത്. അങ്ങനെ സൗഖ്യം നേടിയ നേരത്താണ് യേശു ചോദിക്കുന്നത്, ആരാണ് എന്നെ സ്പർശിച്ചത്? ആ ചോദ്യം അവളിൽ ഭയം ഉളവാക്കി. അശുദ്ധയായ താൻ യേശുവിനെ സ്പർശിച്ച് അശുദ്ധനാക്കിയെന്ന് യേശു അറിയുമല്ലോ എന്ന് ഓർത്ത് അവൾ ഭയപ്പെട്ടു. മറച്ചുപിടിക്കാൻ ആവില്ല എന്ന് മനസ്സിലായപ്പോൾ മാത്രമാണ് അവൾ മുന്നോട്ടുവന്നത്. ഒരു അപരാധിയെപ്പോലെ മുഖം താഴ്ത്തി തനിക്ക് സംഭവിച്ചതൊക്കെ ഏറ്റുപറയുന്നു. മനുഷ്യത്വത്തിന് നിരക്കാത്ത നിയമം മൂലം അപരാധിയായ ഒരുവൾ എങ്ങനെ സൗഖ്യം പ്രാപിച്ചു എന്നതാണ് അടുത്ത ചോദ്യം! തീർച്ചയായും അവളുടെ വിശ്വാസം വലുതായിരുന്നു.

മറ്റൊരു തരത്തിൽ പറഞ്ഞാൽ അവൾ യേശുവിനെ കാണുന്നതിനു മുൻപ് യേശു അവളെ കണ്ടിരുന്നു. അവളുടെ വേദന അറിഞ്ഞിരുന്നു. യേശു കാത്തിരിക്കുകയായിരുന്നു. അവൾ തന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ സ്പർശിക്കുന്ന സമയത്തിനായി. അവൾ സ്പർശിച്ച നിമിഷം യേശു അവൾക്ക് സൗഖ്യം നൽകി. എന്നിട്ടും ഈശോ അരിശപ്പെട്ട് ആരാണ് എന്നെ സ്പർശിച്ചത് എന്ന് ചോദിച്ചത്, അതിന്റെ കാരണം അവളുടെ രോഗമേ സൗഖ്യപ്പെട്ടിട്ടുണ്ടായിരുന്നുള്ളൂ. ഹൃദയം ഇനിയും സൗഖ്യം നേടേണ്ടിയിരുന്നു. ഒരുവന്റെ ഹൃദയം സൗഖ്യം പ്രാപിക്കുന്നത് ക്രിസ്തുവിന്റെ സ്നേഹം മഴപോലെ ആ ഹൃദയത്തിൽ പെയ്തിറങ്ങുമ്പോഴാണ്.

യേശു ഇപ്രകാരം വിളിച്ചു മകളെ, നീ എനിക്ക് അശുദ്ധയല്ല. നീ എന്നിൽ നിന്നും മാറിനിൽക്കേണ്ടവളല്ല. നീ എന്റെ കുഞ്ഞാണ്. ഒരു കള്ളനെപ്പോലെ വന്ന് മോഷ്ടിച്ചുകൊണ്ട് പോകേണ്ട കാര്യം ഇല്ല. നീ അവകാശിയാണ്. നിനക്കായല്ലേ ഞാൻ ഭൂമിയിൽ വന്നത്. അതേ, നമുക്കോരോരുത്തർക്കും വേണ്ടിയാണ് ഈശോ ഭൂമിയിൽ വന്നത്. നമുക്കും ഈശോയുടെ സ്നേഹത്തിൽ ഒന്നാകാം. ആമ്മേൻ



# ദൈവസ്വരം ശ്രവിക്കാൻ

**വിൻസെന്റ് കെ.ജെ. സെന്റ് മേരീസ് യൂണിറ്റ്**

ഇന്ന് പലരും ആഗ്രഹിക്കുന്ന ഒരു കാര്യമാണ് എങ്ങനെയാണ് നമുക്ക് ദൈവത്തിന്റെ സ്വരം കേൾക്കാൻ കഴിയുക? പാപിയായ എന്നോട് ദൈവം സംസാരിക്കുമോ?

ഓരോ വിശ്വാസിയുടെ ജീവിതത്തിലും ദൈവം സംസാരിക്കുന്നുണ്ട്. സങ്കീർത്തനം (81-8)ൽ പറയുന്നു, "എന്റെ ജനമേ ഞാൻ മുന്നറിയിപ്പു നൽകുമ്പോൾ ശ്രദ്ധിച്ചു കേൾക്കുക. ഇസ്രായേലേ നീഎന്റെ വാക്കു കേട്ടിരുന്നുവെങ്കിൽ." നമ്മൾ ദൈവസ്വരം കേൾക്കുവാൻ ആദ്യമേതന്നെ ശ്രദ്ധയുള്ളവരായിരിക്കണം. വ്യഗ്രതകൾ ഒഴിഞ്ഞാലേ ജ്ഞാനം ലഭിക്കുകയുള്ളൂ (പ്രഭാ. 38:24). ഒരുപാട് തിരക്കുകൾക്കിടയിൽ നമുക്ക് ദൈവസ്വരം ശ്രവിക്കുവാൻ സാധിക്കുകയില്ല. ഒരു ഉത്സവപറമ്പിൽ നാം കടന്നുചെല്ലുമ്പോൾ അവിടെ പലവിധ സ്വരങ്ങൾ കേൾക്കാം. വാദ്യമേളങ്ങളുടെ, കളിക്കോപ്പുകളുടെ, വെടിക്കെട്ട് തുടങ്ങി നിരവധി ശബ്ദങ്ങൾ... പലരും പറയുന്നത് നമുക്ക് കേൾക്കാൻ സാധിക്കില്ല. നമ്മുടെ ജീവിതവും ഉത്സവപറമ്പ് പോലെയാണ്. അതിനിടയിൽ എങ്ങനെ നമുക്ക് ദൈവത്തെ കേൾക്കാൻ സാധിക്കും. അതിനാൽ ദൈവസ്വരം കേൾക്കാൻ തിരക്കുകളും വ്യഗ്രതകളും മാറ്റിവയ്ക്കാൻ നാം തയ്യാറാകണം. കർത്താവിന്റെ സ്വരം കേൾക്കാൻ നമ്മൾ പ്രാഥമികമായി ചെയ്യേണ്ടത് അതാണ്.

"ശാന്തമാവുക ഞാൻ ദൈവമാണെന്നറിയുക." (സങ്കീ. 48:10).

രണ്ടാമതായി കർത്താവിൽ നമ്മുടെ ശ്രദ്ധ കേന്ദ്രീകരിക്കണം. കർത്താവിനെ മാത്രം ധ്യാനിച്ച് ദൈവികചിന്തകളിൽ മുഴുകിയിരിക്കുമ്പോഴേ അവിടുത്തെ സ്വരം ശ്രവിക്കാൻ കഴിയൂ. നമ്മുടെ ഉള്ളിൽ ദൈവസ്വരം കേൾക്കുവാൻ സാഹചര്യം

നാം ഒരുക്കണം. ഭൗതികമായ സാഹചര്യം മാത്രം പോരാ, മറിച്ച് മാനസികമായ സാഹചര്യം കൂടി ഉണ്ടാകണം. പശ്ചാത്താപവിവശമായ ഹൃദയത്തോടെ കർത്താവിങ്കൽ ആയിരിക്കുന്നവരോടാണ് കർത്താവ് ശക്തമായി സംസാരിക്കുക. അവിടുത്തെ വക്ഷത്തോട് ചാരിക്കിടന്ന് അന്ത്യ അത്താഴവേളയിൽ സംസാരിക്കുന്ന യോഹന്നാൻ ശ്ലീഹായുടെ ശൈലി നമുക്കും പിന്തുടരാം. തോളിലിരിക്കുന്ന കുഞ്ഞാടിനാണല്ലോ ഇടയന്റെ സ്വരം കേൾക്കാൻ സാധിക്കുക.

മൂന്നാമതായി കർത്താവിന്റെ സ്വരം കേൾക്കാൻ നമുക്കു കാതുകൾ - ആത്മീയ ചെവികൾ തുറക്കണം. നാലാമതായി - ദൈവസ്വരം വിവേചിച്ചറിയാൻ നമുക്കു സാധിക്കണം. പലപ്പോഴും ആരാണ് സംസാരിക്കുന്നത് എന്ന് നമുക്ക് തിരിച്ചറിയാൻ കഴിയുന്നില്ല.

ദൈവികമായ സ്വരം കേൾക്കുമ്പോൾ നമ്മുടെ മനസ്സ് ശാന്തതയിലേക്കും സമാധാനത്തിലേക്കും നയിക്കുന്നു. എന്നാൽ പിശാചിന്റെ സ്വരം ആകട്ടെ നമ്മെ നാശത്തിലേക്കും പരാജയങ്ങളിലേക്കും അസാമാധാനത്തിലേക്കും വെറുപ്പിലേക്കും കലാപത്തിലേക്കും വിദ്വേഷത്തിലേക്കും നയിക്കുന്നു. നമുക്ക് ദൈവസ്വരം കേൾക്കുന്നതിനൊരുങ്ങുന്ന സമയത്ത് ഈ ബോധ്യം ഉളവാകുന്നത് നല്ലതാണ്. ദൈവം കോലാഹലത്തിന്റെ ദൈവമല്ല സമാധാനത്തിന്റെ ദൈവമാണ് (1 കൊറി. 14:3). പല സാഹചര്യത്തിലും സഹനങ്ങളിലൂടെ കടന്നുപോകുമ്പോൾ (ഉദാ. രോഗത്തിലൂടെ, കടബാധ്യത, മറ്റ് കുടുംബപ്രശ്നം) ദൈവം നമ്മോട് സംസാരിക്കുന്നുണ്ട്; നാം കേൾക്കുന്നില്ലെന്ന് മാത്രം. സഹനങ്ങളിലൂടെ സംസാരിക്കുന്ന ദൈവത്തെ നമുക്ക് കണ്ടുമുട്ടാം. ഉറപ്പായും കർത്താവിന്റെ സ്വരം നമുക്കും കേൾക്കാൻ കഴിയും. നമുക്കും അവിടുത്തോട് കൂടെ ആയിരിക്കാം. സ്വരം കേട്ടാൽ പോരാ. അനുസരിക്കുന്നവരും കൂടിയാകട്ടെ.

ദൈവത്തിനു സ്തുതി.

## അറിയിപ്പ്

**എല്ലാ മാസവും അവസാനത്തെ ഞായർ മരിയനാദം ഇറക്കുവാൻ തീരുമാനിച്ചതിനാൽ കുടുംബകൂട്ടായ്മ കേന്ദ്രസമിതി വാർത്തകൾ, യൂണിറ്റ് വാർത്തകൾ, സംഘടനവാർത്തകൾ, പ്രതിനിധിയോഗ വാർത്തകൾ, ബൈബിൾ ക്വിസ്, ചായമിടൽ മത്സരം എന്നിവ എല്ലാ മാസവും 15-ാം തിയ്യതിക്കുമുമ്പ് നൽകേണ്ടതാണ്.**

**പത്രാധിപസമിതി**

# വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനം - യുവജനങ്ങൾക്ക് മാതൃക

ഫ്രഞ്ച് അധീനതയിലായിരുന്ന മിലാനിൽ സൈനിക ഡോക്ടറായിരുന്ന ജീൻ ആന്റണി ഓസാനാമിന്റേയും മേരീനന്താസിന്റേയും മകനായി 1813 ഏപ്രിൽ 23 ന് ഫ്രെഡറിക് ജനിച്ചു. വളരെ ചെറുപ്പം മുതലേ വിനയസ്വഭാവം നിലനിന്നിരുന്ന വ്യക്തി. ക്രിസ്ത്യാനികളായ നിങ്ങൾ ക്രിസ്തുവിനു സാക്ഷ്യം വഹിക്കാൻ എന്തു ചെയ്യുന്നു? എന്ന വെല്ലുവിളി ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് 1833 ൽ പാരീസിൽവെച്ച് വിദ്യാർത്ഥിയായ ഓസാനാമും സുഹൃത്തുക്കളും കർമ്മരംഗത്തിലേക്കിറങ്ങി. പാരീസിലെ തെരുവുകളിൽ ചെറ്റക്കുടിലുകളിലേക്കിറങ്ങി ചെന്നു. തുടക്കത്തിൽ ഉപവി കോൺഫ്രൻസ് എന്നറിയപ്പെട്ടിരുന്ന ഈ സമൂഹം പിന്നീട് വി. വിൻസൻ ഡി പോളിനെ മദ്ധ്യസ്ഥനായി സ്വീകരിച്ചുകൊണ്ട് സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയായി രൂപം പ്രാപിച്ചു. വക്കീലായിരുന്ന ഫ്രെഡറിക് ചൂഷണം ചെയ്യപ്പെട്ടിരുന്ന തൊഴിലാളികൾക്കുവേണ്ടി പൊരുതി. ക്രിസ്തീയ വിശ്വാസസംരക്ഷണത്തിനു വേണ്ടി സമൂഹത്തിൽ നിലകൊണ്ടു.

1841 ജൂൺ 23 ന് എമിലിയെന്ന യുവതിയെ ജീവിതസഖിയായി സ്വീകരിച്ചു. 1845 ആഗസ്റ്റ് 7ന് അവർക്ക് ഒരു പെൺകുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചു. 1845 ൽ ഗ്രിഗറി XXI മാർപാപ്പ സൊസൈറ്റിയെ സഭയിലെ അല്മായ സംഘടനയായി അംഗീകരിക്കുകയും അംഗങ്ങൾക്ക് ദണ്ഡവിമോചനങ്ങൾ അനുവദിക്കുകയും ചെയ്തു. 1847 ൽ IX-ാം പിയൂസ് പാപ്പയെ അദ്ദേഹം സന്ദർശിച്ചു. 1848 ൽ പാരീസിൽ കലാപം നടന്നപ്പോൾ സന്നദ്ധസംഘടന വേഷണണിഞ്ഞു രംഗത്തിറങ്ങി, തന്റെ വാക്കുകൾക്ക് പ്രവൃത്തിയുടെ പരിവേഷം നൽകി.

സ്വന്തം ആദ്ധ്യാത്മിക ജീവിതം മെച്ചപ്പെടുത്താൻ ആഗ്രഹിക്കുന്ന ഏത് കത്തോലിക്കന്റേയും മുമ്പിൽ സൊസൈറ്റിയുടെ വാതിൽ തുറന്നിട്ടു. അദ്ദേഹം രൂപം കൊടുത്ത ആദർശങ്ങൾ അംഗങ്ങളിലൂടെ പ്രചരിപ്പിച്ചുകൊണ്ട് സൊസൈറ്റി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിച്ചു. ലത്തീൻ, ഹിബ്രു, സംസ്കൃതം, ഇറ്റാലിയൻ, സ്പാനിഷ്, ഇംഗ്ലീഷ്, ജർമ്മൻ എന്നീ ഭാഷകളിൽ പ്രാവീണ്യം നേടിയ അദ്ദേഹത്തിന്റെ നിരവധി കൃതികൾ പ്രസിദ്ധീകരിക്കപ്പെട്ടു. ദിവ്യകാരുണ്യഭക്തി, സുവിശേഷവായന, പരി. മാതാവിനോടും വി. ഫ്രാൻസിസ് അസീസി, വി. വിൻസെന്റ് ഡി പോൾ തുടങ്ങിയ വിശുദ്ധരോടുള്ള ആദരം അദ്ദേഹത്തിന്റെ ആദ്ധ്യാത്മിക ജീവിതവളർച്ചയ്ക്ക് അടിസ്ഥാനമിട്ടു. രോഗബാധിതനായ ഫ്രെഡറിക് ഓസാനാം ഇറ്റലിയിൽ വെച്ച് 1853 സെപ്തംബർ 8ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു.

1993 ജൂലൈ 6-ാം തിയതി ധന്യപദവിയിലേക്കും, 1997 ആഗസ്റ്റ് 22 ന് വാഴ്ത്തപ്പെ

ട്ടവരുടെ ഗണത്തിലേക്കും ഉയർത്തപ്പെട്ടു. എല്ലാ കാലഘട്ടത്തിലേയും വിശ്വാസികൾക്ക് പ്രത്യേകിച്ചും യുവജനങ്ങൾക്ക് മാതൃകയായ ഈ ധന്യന്റെ വിശ്വാസ ചൈതന്യത്തിന്റെ ഒരംശമെങ്കിലും നമുക്കും ജീവിതത്തിൽ പകർത്താൻ സാധിക്കട്ടെ. സത്യം കണ്ടെത്താനും ഓരോ മനുഷ്യവ്യക്തിയുടേയും അന്തസ്സു നിലനിർത്തുവാൻ വേണ്ടി സ്വതന്ത്രമായി ശബ്ദമുയർത്താനും ശക്തനായിരുന്ന അദ്ദേഹം എല്ലാവരേയും വിശുദ്ധയിലേക്ക് ക്ഷണിക്കുന്നു.

സ്റ്റെല്ല ജെയ്സൺ
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

---

# എന്തിനാണ് നാം ദൈവത്തോടു നന്ദി പറയുന്നത്?

**ജോസഫീന ജോയ്**
**സെന്റ് മേരീസ് യൂണിറ്റ്**

നാം എന്തൊക്കെയായിരിക്കുന്നുവോ അതെല്ലാം നമുക്ക് എന്തെല്ലാം ഉണ്ടോ അവയെല്ലാം ദൈവത്തിൽ നിന്നു വരുന്നു. വിശുദ്ധ പൗലോസ് ഇപ്രകാരം പറയുന്നു. സ്വീകരിക്കപ്പെടാത്തതായി നിങ്ങൾക്ക് എന്താണുള്ളത്. (1 കൊറി 4:7) എല്ലാ നന്മകളുടെയും ദാതാവായ ദൈവത്തോട് നന്ദിയുള്ളവരായിരിക്കുകയെന്നത് നിങ്ങളെ സന്തുഷ്ടരാക്കുന്നു.

കൃതജ്ഞതയുടെ ഏറ്റവും വലിയ പ്രാർത്ഥന യേശു നടത്തിയ എവുക്കരിസ്ത്യ (ഗ്രീക്കു ഭാഷയിൽ കൃതജ്ഞതാ പ്രകാശനമെന്നർത്ഥം.) പ്രാർത്ഥനയാണ്. ആ പ്രാർത്ഥനയിൽ സൃഷ്ടിയെ മുഴുവനും രൂപാന്തരപ്പെടുത്തി ദൈവത്തിനു സമർപ്പിക്കാൻ വേണ്ടി അവിടുന്ന് അപ്പവും വീഞ്ഞും എടുക്കുന്നു. ക്രൈസ്തവർ നന്ദി പ്രകടിപ്പിക്കുമ്പോഴെല്ലാം യേശുവിന്റെ മഹത്തായ കൃതജ്ഞതാപ്രകാശന പ്രാർത്ഥനയിൽ പങ്കുചേരുകയാണ്. എന്തെന്നാൽ നമ്മളും യേശുക്രിസ്തുവാൽ രൂപാന്തരീകൃതരാക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് നമ്മുടെ ഹൃദയത്തിന്റെ അഗാധതയിൽ നിന്ന് നന്ദിയുള്ളവരായിരിക്കാൻ കഴിയും. വിവിധ രീതികളിൽ അക്കാര്യം ദൈവത്തോടു പറയാനും കഴിയും.

എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ - ഇതാണ് യേശു ക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം. (1 തെസ്സ 5:18)

സ്നേഹസ്മരണയ്ക്ക്

# 11-ാം ചരമവാർഷികം

19.09.2024



# കൈപറമ്പിൽ ലിബു

സ്നേഹപൂർവ്വം

**കുടുംബാംഗങ്ങൾ**

സെന്റ് ആന്റണീസ് യൂണിറ്റ്

# സ്വർഗ്ഗത്തിൽ ൯-ാം പിറന്നാൾ

21.09.2024



## തങ്കമ്മ തോമസ്

**കണ്ണനായ്ക്കൽ കാഞ്ഞിരപറമ്പിൽ ഹൗസ്**

**അയ്യന്തോൾ**

**ജനനം : 06.10.1942 മരണം : 21.09.2015**

പ്രാർത്ഥനാപൂർവ്വം : കുടുംബാംഗങ്ങൾ

**CLC നടത്തിയ ഉപന്യാസ മത്സരത്തിൽ രണ്ടാം സമ്മാനാർഹമായത്**

# ഈശോയുടെ ഹൃദയം കത്തോലിക്ക സഭയിൽ

സുധ ആന്റണി



"ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവന് ജീവന്റെ പ്രകാശം നൽകും." യോഹ. 8:12

ഈശോയുടെ ഹൃദയം മനുഷ്യഹൃദയത്തിനു വേണ്ടി ദാഹിക്കുന്നു. ഈ സ്നേഹം ലോകം മുഴുവൻ എത്തിക്കുന്നതിനും, അത് നിലനിൽക്കാനും, എല്ലാവരിലും കത്തിജ്വലിക്കുന്നതിനും വേണ്ടി ഹൃദയഭക്തി ആചരണത്തിനുവേണ്ടി ഒരു മാസംജൂൺമാസംസഭതെരഞ്ഞെടുത്തിരിക്കുന്നു. വി.യോഹന്നാൻ സ്നേഹം തന്നെയാണ് ഈശോയുടെ തിരുഹൃദയം എന്ന് പറയുന്നുണ്ട്.

ആദിമസഭയിൽ ഈശോയുടെ തിരുഹൃദയഭക്തി പ്രചരിപ്പിച്ചത് 17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി.മാർഗരറ്റ് മേരി അലക്കോക്കാണ്. ഈശോക്ക് 2 സ്വഭാവരീതികളുണ്ട്. ദൈവസ്വഭാവവും മനുഷ്യസ്വഭാവവും. അതുകൊണ്ട് ഈശോയുടെ ഹൃദയം ദൈവികഹൃദയം തന്നെയാണ്. ആയതുകൊണ്ട് കത്തോലിക്കസഭ ഇതിനെ വളരെ ഭയഭക്ത്യാദരബഹുമാനത്തോടെ സമീപിക്കാൻ ആവശ്യപ്പെടുന്നു. ഈ ഹൃദയത്തിൽ സകല നിക്ഷേപങ്ങളും ദൈവത്തിന്റെ പൂർണ്ണതയും അടങ്ങിയിരിക്കുന്നു. മനുഷ്യർക്ക് ആവശ്യമായ എല്ലാ നന്മകളും കിട്ടുമെന്ന് ഉറപ്പാണ്.

ആദ്യകാലങ്ങളിൽ അതായത് ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ കാലത്താണ് ഇത് തുടങ്ങിവച്ചത്. തുടർന്ന് വരുന്ന പിതാക്കന്മാർ ഇതിന് പിന്തുണകൊടുത്ത് ഇത് ഒരു വണക്കമായി ആചരിക്കാൻ തീരുമാനിച്ചു. വി.കുർബാനയുടെ തിരുനാൾ കഴിഞ്ഞുവരുന്ന 8-ാം ദിവസം വെള്ളിയാഴ്ച തിരുഹൃദയത്തിന്റെ തിരുനാൾ ആഘോഷിക്കുന്നു. അന്നേദിവസം എല്ലാ ദേവാലയങ്ങളിലും ഭവനങ്ങളിലും ക്രിസ്തീയ സ്ഥാപനങ്ങളിലും തിരുഹൃദയപ്രതിഷ്ഠ പുതുക്കുന്ന പതിവുണ്ട്. 1856 ലാണ് ഇത് തുടങ്ങിവച്ചത്.

ഈശോയുടെ ഹൃദയം മനുഷ്യഹൃദയത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. വേദപാഠക്ലാസ്സിൽ ഈ ഹൃദയത്തെ താരതമ്യം ചെയ്യാൻ അദ്ധ്യാപകൻ ആവശ്യപ്പെട്ടു. ഈ ഹൃദയത്തിൽ കുരിശ്, അഗ്നി, മുറിവ്, മുൾമുടി എന്നിവ കാണപ്പെടുന്നു എന്നു പറഞ്ഞ

തിൽനിന്ന് വ്യത്യസ്തമായി ഈശോയുടെ ഹൃദയം പുറത്താണ് എന്ന ഉത്തരവും വന്നു. മനുഷ്യഹൃദയം അകത്തും. അത് അകത്തുതന്നെയിരിക്കുന്നതാണ് നല്ലത്. "എല്ലാ തിന്മകളും ഉള്ളിൽനിന്ന് വരുന്നു. അത് മനുഷ്യനെ അശുദ്ധനാക്കുന്നു. മർക്കോ. 7:20-23. എന്നാൽ ഈശോയുടെ തിരുഹൃദയത്തിൽ എല്ലാ നന്മകളും ദയ, കരുണ, സ്നേഹം തുടങ്ങി നന്മകളുടെ ഒരു കലവറ തന്നെ നമുക്ക് കാണാം. വി. മാർഗരറ്റിന് പ്രത്യക്ഷപ്പെട്ട വിവരണത്തിൽ നിന്നാണ് ഇന്നു കാണുന്ന ഈശോയുടെ തിരുഹൃദയം ചിത്രീകരിച്ചിരിക്കുന്നത്. 1673 മുതൽ 1675 വരെ കൂടെ കൂടെ ഈ വിശുദ്ധയ്ക്ക് പ്രത്യക്ഷപ്പെട്ട് ചില വാഗ്ദാനങ്ങൾ നൽകിയിരുന്നു. അതിൽ പ്രധാന പ്പെട്ടത് മാസാദ്യവെള്ളിയാഴ്ചകളിൽ വി.കുർബാന സ്വീകരിക്കുക, വ്യാഴാഴ്ചകളിൽ ദിവ്യഹൃദയാരാധന നടത്തുക, തിരുഹൃദയ തിരുനാൾ ആഘോഷിക്കുക.

അതിൽ നാം കാണുന്ന തിരുഹൃദയത്തിൽ എന്തെല്ലാം ഉണ്ടെന്ന് നോക്കാം.

കുരിശ് ഭൂവാസികളെയും സ്വർഗവാസികളെയും ബന്ധിപ്പിക്കുവാൻ കർത്താവ് തീർത്ത പാലമാണ് വി.കുരിശ്. സ്നേഹത്തിന്റെ അടയാളം, പീഡാനുഭവസമയത്ത് അനുഭവിച്ച പീഢകളെ ഈ കുരിശ് നമ്മെ ഓർമ്മിപ്പിക്കുന്നു. അങ്ങനെ പരിഹാസ ത്തിന്റെ അടയാളമായ കുരിശിനെ രക്ഷയുടെ അടയാളമായി ഈശോ ഉയർത്തി. ഈ കുരിശ് ഇനിയും നിനക്ക് വേണ്ടി പീഢകൾ സഹിക്കാൻ തയ്യാറാണെന്ന് മാന വകുലത്തിനോട് വിളിച്ചുപറയുന്ന മുൾമുടി പീഡാനുഭവസമയത്ത് യൂദാജനം ഈ ശോയുടെ തലയിൽ അണിയിച്ചതാണ് ഈ മുൾമുടി.

അതികഠോര വേദനയിലും കൈവിടാത്ത ശാന്തത നമ്മുടെ സഹനങ്ങളെ അങ്ങനെ ഏറ്റെടുക്കാൻ നമ്മെ ഓർമ്മിപ്പിക്കുന്നു. ഹൃദയത്തിനു ചുറ്റും കാണുന്ന ഈ മുൾക്കി രീടം നീ തന്നെ നിന്റെ പാപമുള്ളുകൾ കൊണ്ട് തീർത്തതാണെന്ന് കാണിക്കാനും ശരിയായി പാപങ്ങളെക്കുറിച്ച് പശ്ചാത്തപിക്കാനും ഇടവരുത്തുന്നു.

## തീജ്വാലപ്രകാശം

കുരിശിനെ പുണരുന്ന തീജ്വാല. ഈ ജ്വാലയും നാളവും ഈശോയുടെ ദൈവിക പുണ്യങ്ങളെ കാണിക്കുന്നു. ദൈവത്വം തീജ്ജ്വാലയായി പ്രകാശിക്കുന്നു. ഈശോ യുടെ എരിയുന്ന ഹൃദയം തന്നെയാണത്. സ്നേഹത്താൽ എരിയുന്ന ജ്വാല. ഇത് ഈശോ ദൈവമാണെന്ന് കാണിക്കുന്നു. ഈ തീജ്ജ്വാല പഴയനിയമത്തിൽ ദൈവ സാന്നിധ്യത്തെ കാണിക്കുന്നു. കത്തുന്ന മുൾപ്പടർപ്പിൽ നിന്ന് ദൈവം മോശയോട് അരുൾചെയ്തു. "ഞാൻ നിന്റെ പൂർവ്വികരുടെ ദൈവമാണ്." പുറപ്പാട് 3:6. "എ ന്റെ ജനം സഹിക്കുന്ന ഉപദ്രവം കണ്ട് അവരെ രക്ഷിക്കാൻ ഞാൻ ഇറങ്ങിവന്നിരി ക്കുന്നു." പുറ. 3:7-8. സദാ കത്തുന്ന ഈ ഹൃദയം സർവസൗഭാഗ്യങ്ങളും സകല പ്രസാദവരങ്ങളും നമുക്ക് നൽകുന്നു.

പ്രകാശം

"തിന്മ പ്രവർത്തിക്കുന്നവർ പ്രകാശത്തെ വെറുക്കുന്നു. എന്നാൽ സത്യം പ്രവർത്തി

ക്കുന്നവർ പ്രകാശത്തിലേക്ക് വരുന്നു." യോഹ. 3:20-21. പ്രകാശം മോക്ഷവാസിക ളുടെ ഓഹരിയും, അന്ധകാരം പിശാചിന്റെ അവകാശവുമാണ്. സ്വർഗീയപ്രകാശം, മഹിമ, വിശുദ്ധരുടെ ശോഭ എന്നത് ഈശോ തന്നെയാണ്. "ഞാൻ നീതിസൂര്യനാണ്." മലാക്കി 4:2 എന്ന് യേശു തന്നെ പറയുന്നു. സ്നേഹത്തിന്റെ സുവിശേഷകനായ വി. യോഹന്നാന്റെ സുവിശേഷത്തിൽ "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല. ഞാൻ അവന് ജീവന്റെ പ്രകാശം നൽകും." യോഹ. 8:12.

## മുറിവ്

പടയാളികൾ തുറന്ന ഈശോയുടെ തിരുമുറിവ് ഉടനെ അവിടെനിന്ന് രക്തവും ജലവും പുറപ്പെട്ടു. (യോഹ. 19:34)

ഇത് ഈശോയുടെ ശരീരത്തിലേറ്റ അവസാനത്തെ മുറിവാണ്. ഈ മുറിവ് ഈ ശോയുടെ ഉത്ഥാനത്തെ സംശയിച്ച തോമാശ്ലീഹായ്ക്ക് ഈശോയുടെ സ്നേഹാധി ക്യത്തെ കുറിച്ചറിയാനും വിശ്വസിക്കാനും "എന്റെ കർത്താവേ, എന്റെ ദൈവമേ" യോഹ. 20:28 എന്ന നിലവിളിയാൽ സകല സൗഭാഗ്യങ്ങളും നന്മകളും കൈവരാ നിടയായി.

## ജലം

ഏത് വിശിഷ്ടജലം കുടിച്ചാലും നമുക്ക് വീണ്ടും ദാഹിക്കും. എന്നാൽ തിരുമുറി വിലെ ജലവും വെള്ളവും പാനം ചെയ്താൽ നമുക്കൊരിക്കലും ദാഹിക്കയില്ല. "എന്നാൽ ഞാൻ തരുന്ന ജലം അവന് നിത്യജീവനിലേക്ക് നിർഗളിക്കുന്ന അരുവി യാകും. യോഹ. 4:14.

ഈശോ ഈ തിരുഹൃദയവണക്കം വഴി ചില വാഗ്ദാനങ്ങൾ തരുന്നുണ്ട്.

ദിവ്യഹൃദയഭക്തരുടെ ജീവിതാന്തസ്സിനെ ഞാൻ ആശീർവദിക്കും. അവരുടെ കു ടുംബങ്ങളിൽ ഞാൻ സമാധാനം നൽകും, സങ്കടങ്ങളിൽ ആശ്വാസം നൽകും. ജീ വിതകാലത്തും മരണസമയത്തും ഉറപ്പുള്ള കോട്ടയാകും, പാപികൾക്ക് അനുഗ്ര ഹത്തിന്റെ വറ്റാത്ത ഉറവയും സമുദ്രവുമാകും, പ്രയത്നങ്ങളെ അനുഗ്രഹിക്കും, മന്ദതയുള്ള ആത്മാക്കളെ തീക്ഷ്ണതയുള്ളവരാക്കും. തീക്ഷ്ണതയുള്ള ആത്മാ ക്കളെ അനുഗ്രഹത്തിന്റെ പദവികൾ കയറ്റും, എന്റെ ചിത്രം വണങ്ങുന്നവരെ ആശീർവ്വദിക്കും, കഠിനപാപികൾക്ക് പശ്ചാത്തപിക്കുന്നതിന് വൈദികർ വഴി വഴി യൊരുക്കും. തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നവരുടെ നാമം ഞാൻ എന്റെ ഹൃദയ ത്തിൽ എഴുതും, നിലനിൽപ്പിന്റെ വരം നൽകും.

ഇത്രയും വാഗ്ദാനങ്ങളും അനുഗ്രഹങ്ങളും തരുന്ന ഈശോയ്ക്ക് വേണ്ടി നാം എന്തു ചെയ്യണം - കത്തോലിക്കർ എല്ലാവരും തിരുഹൃദയഭക്തരാണ്. ആദ്യംതന്നെ നാം ഈ വിശ്വാസത്തിൽ അടിയുറച്ച് വിശ്വസിക്കണം. പിന്നെ ക്രിസ്ത്യാനികളായ നമുക്ക് ഈ തിരുഹൃദയഭക്തി പ്രചരിപ്പിക്കാൻ കടമയുണ്ട്. വിജാതീയർക്ക് മാതൃക

യാകുന്നപോലെ വേണം ഓരോ ക്രിസ്ത്യാനിയും പെരുമാറാൻ. വീടുകളിൽ അടുത്ത തലമുറയെ ഈ തിരുഹൃദയഭക്തിയെപറ്റി പഠിപ്പിക്കണം. കത്തോലിക്കസഭയുടെ കെട്ടുറപ്പെന്ന് പറയുന്നത് തീർച്ചയായും വി.കുർബാനയാണ്. ഇന്ന് നമുക്ക് വി.കുർബാനയിലൂടെയാണ് എല്ലാ അനുഗ്രഹങ്ങളും വാഗ്ദാനങ്ങളും നേടിയെടുക്കാൻ കഴിയുന്നത്. ഈശോയുടെ തിരുഹൃദയവും രക്തവും ദിവസംതോറും വിരുന്നായി നമുക്ക് ലഭിക്കുന്നു. വേറെ ഒരു സഭയിലും ഇത് കാണുന്നില്ല. കത്തോലിക്കസഭയിൽ കാലങ്ങളായി നിലനിൽക്കുന്ന പ്രശ്നങ്ങൾ എല്ലാം ലോകം മുഴുവൻ നടത്തുന്ന വി.കുർബാനവഴി വിശുദ്ധീകരിക്കപ്പെടും. യുവജനങ്ങൾക്ക് ഇതിൽ നല്ല പങ്കു വഹിക്കാനാകും. ഇന്നത്തെ മീഡിയാകൾ വഴി അവർക്ക് മറ്റുള്ളവരെ ഇതിലേക്കാകർഷിക്കാൻ കഴിയും. കത്തോലിക്കാസഭ അനേകം വൈദികരാലും സന്യസ്തരാലും നിറയട്ടെ. മിഷനറിരംഗം പുഷ്ടിപ്പെടട്ടെ. ദേവാലയങ്ങളിലെ എല്ലാ സംഘടനകളും ഇങ്ങനെ നൂതനാശയങ്ങൾ കണ്ടെത്തി ഇടവകജനങ്ങളെ ഉണർത്തട്ടെ. എല്ലാവിധ പുണ്യങ്ങളാലും സമ്പന്നമായിരിക്കുന്ന ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് ചൈതന്യം ഉൾക്കൊണ്ട് നമുക്ക് പ്രവർത്തിക്കാം.

"ഈശോയുടെ തിരുഹൃദയം എല്ലായിടത്തും എല്ലാവരാലും സ്നേഹിക്കപ്പെടട്ടെ."

# മൂന്നാം ബുധൻ ആചരണത്തിന് നേതൃത്വം നൽകുന്നതിനു വേണ്ടിയുള്ള കൂട്ടായ്മ 'Assumption Army '



# സ്നേഹം! സ്നേഹം മാത്രം

ത്രേസ്യാമ്മ ജേക്കബ്ബ്, ലിറ്റിൽ ഫ്ളവർ യൂണിറ്റ്

"ദൈവം സ്നേഹമാണ്" (1 യോഹ. 4:16)

ഈ വചനത്തിൽ യോഹന്നാൻ ശ്ലീഹ ഒരു വലിയ വെളുപ്പെടുത്തലാണ് നടത്തിയത്. ഈ വെളിപ്പെടുത്തലിൽ വ്യക്തമാക്കുന്നത് ദൈവം സ്നേഹിക്കുന്നുണ്ട് എന്നോ ദൈവത്തിൽ സ്നേഹം ഉണ്ട് എന്നോ അല്ല, മറിച്ച് ദൈവം സ്നേഹമാണ് എന്ന പ്രാധാന്യത്തെക്കുറിച്ചാണ്. ഒരു മനുഷ്യന് സങ്കല്പിക്കാവുന്നതിനപ്പുറത്തുള്ള സഹനത്തിന്റെ ഉറവിടം തന്നെയാണ് അവിടുന്ന്. മനുഷ്യന്റെ ഓരോ പാപങ്ങൾക്കും പരിഹാരമായി അവിടുന്ന് കാൽവരിയിൽ കുരിശിൽ കിടന്നത് ആർക്കാണ് ഒരപരിചിതനെപ്പോലെ അവഗണിക്കാനാവുക? ഇവയെല്ലാം അമൂല്യമായ അവിടുത്തെ സ്നേഹത്തിന്റെ വെളിപ്പെടുത്തലുകളാണ്.

സ്നേഹവും കാരുണ്യവും കടപ്പാട എന്ന വിലയേറിയ കണ്ണുകളാൽ കോർത്തിണക്കിയ ചങ്ങലകളാണ്. അതായത് സ്നേഹവും കാരുണ്യവും സ്വീകരിക്കുമ്പോൾ ഒരു കടപ്പാട് ആവിർഭവിക്കുന്നു. ഒരാൾ നമ്മോട് കാരുണ്യം കാണിച്ചാൽ തിരിച്ചും അതേ കാരുണ്യം തിരിച്ചുനൽകുന്നതുവരെ ആ കടപ്പാട് എന്നും നിലനിൽക്കുന്നു. എന്നാൽ കാൽവരിയിൽ നമുക്കായി ക്രൂശിലേറിയ ആ വലിയ കാരുണ്യത്തിന് പ്രതികാരുണ്യം കാണിക്കുവാൻ ഒരു മനുഷ്യനും സാധിക്കുകയില്ല. കാരണം പറയുന്നവനോ ചിന്തിക്കുന്ന മനസ്സിനോ എഴുതുന്ന കൈകൾക്കോ പറയാനാകാത്തവിധം അത്രമാത്രം അവിടുന്ന് ലോകത്തെ സ്നേഹിക്കുന്നു എന്നത് മാത്രമാണ് യാഥാർത്ഥ്യം.

ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചുവെങ്കിൽ നാമും പരസ്പരം സ്നേഹിക്കുവാൻ കടപ്പെട്ടിരിക്കുന്നു (1 യോഹ. 4:11). ദൈവസ്നേഹവും കാരുണ്യവും ദൈവത്തിൽ നിന്ന് നാം അനുഭവിക്കുന്നെങ്കിൽ അത് സഹോദരങ്ങളിലേക്ക് ഒഴുക്കുവാനും നാം കടപ്പെട്ടിരിക്കുന്നു. പഴയനിയമത്തിലെ ദൈവത്തെപ്പറ്റി ചിലരൊക്കെ സംശയം ചോദിക്കാറുണ്ട്. പ്രതികാരം ചെയ്യുന്ന പഴയനിയമ ദൈവവും, ശത്രുവിനെ സ്നേഹിക്കുന്ന പുതിയ നിയമ ദൈവവും തമ്മിലുള്ള അന്തരത്തെപ്പറ്റിയാണ് അവരുടെ സംശയം. വൈരുദ്ധ്യമൊന്നുമില്ല ദൈവം പ്രതികാരം ചെയ്യുന്നു എന്നത് മനുഷ്യസങ്കല്പത്തിലെ പ്രതികാരമല്ല ബൈബിൾ ഭാഷയിൽ അത് സ്നേഹാവിഷ്കാരം തന്നെ.

ദൈവം സ്നേഹമാണ്. സ്നേഹം മാത്രമാണ്. അവിടുന്ന് വെളിപ്പെടുത്തുവാനാഗ്രഹിക്കുന്നതും ഇതുതന്നെ. സ്നേഹിക്കുമ്പോഴാണ് ഒരു വ്യക്തി പ്രകാശിക്കുന്നത്. പ്രകാശം ലോകത്തിന് നൽകുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ആമ്മേൻ




**പ്രഭാഷകൻ 34 – 40, ന്യായാധിപൻ 1 – 10, ലൂക്കാ 9 – 16 അദ്ധ്യായങ്ങൾ**

---

1. ആത്മശോധന എപ്പോഴാണ് നടത്തേണ്ടത്?
2. "ഒറ്റയാളെയെന്നപോലെ മിദിയാൻകാരെ നീ നിഗ്രഹിക്കും." ആര് ആരോട് പറഞ്ഞു.
3. അന്യായ സമ്പത്തിൽ നിന്നുള്ള ബലി എങ്ങനെയുള്ളതാണ്?
4. എന്തിനുള്ള ദിവസങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കവേയാണ് അവൻ ജറുസലേമിലേക്ക് പോകാൻ തീരുമാനിച്ചത്?
5. എങ്ങിനെ പ്രവർത്തിച്ചതിനാലാണ് നീതിരഹിതനായ കാര്യസ്ഥനെ യജമാനൻ പ്രശംസിച്ചത്?
6. ജോഷ്വായുടെ മരണത്തിന് ശേഷം ഇസ്രായേൽ ഗോത്രങ്ങളെ ബാഹ്യശത്രുക്കളിൽ നിന്നും രക്ഷിക്കാൻ ദൈവം തിരഞ്ഞെടുത്ത ആദ്യത്തെ ന്യായാധിപൻ ആരായിരുന്നു?
7. കാരുണ്യം എന്തിന്റെ ആരാമം പോലെയാണ്?
8. എങ്ങിനെയുള്ള പണസഞ്ചികളാണ് കരുതിവയ്ക്കേണ്ടത്?
9. ഭിക്ഷ കൊടുക്കുന്നവൻ എന്ത് ബലിയാണ് അർപ്പിക്കുന്നത്?
10. ധനവാൻ ആരോടാണ് എന്നിൽ കനിയണമെ എന്നു വിളിച്ചുപറഞ്ഞത്?

## ഉത്തരങ്ങൾ – ആഗസ്റ്റ്

1. മരണത്തിലേക്ക്
2. കർത്താവ്
3. ക്രിസ്തു നിങ്ങളിലുണ്ട് എന്ന് ബോധ്യമില്ലെങ്കിൽ
4. തീത്തോസിന്റെ
5. സന്തോഷപൂർവ്വം
6. ദൈവത്തിന്റെ ശക്തിയാൽ
7. താല്പര്യത്തോടെ
8. കർത്താവിൽ
9. വെളിപാടുകളുടെ ആധിക്യത്താൽ അധികം ആഹ്ലാദിക്കാതിരിക്കേണ്ടതിന്
10. രക്ഷാകരമായ പശ്ചാത്താപം

മാർക്ക്

| പേര് | യൂണിറ്റ് | മാർക്ക് |
|---|---|---|
| 1. ജോസഫീന ജോയ് | സെന്റ് മേരീസ് | 10 |
| 2. മേരി രാജു | സെന്റ് സേവ്യർ | 10 |
| 3. നീതു റാഫേൽ | സെന്റ് ജോസഫ് | 10 |
| 4. മേരിക്കുട്ടി ജോൺ | ഹോളി ഫാമിലി | 10 |
| 5. റോസി ജോസ് | സെന്റ് സേവ്യർ | 10 |
| 6. ജെറാൾഡ് വിൽസൻ | സെന്റ് ജോസഫ് | 10 |
| 7. ഡെയ്സി ആന്റപ്പൻ | സെന്റ് മേരീസ് | 10 |

## നറുക്കെടുപ്പിലൂടെ വിജയിയായത്

**ലൂസി ജോയ് സെന്റ് സേവിയാർ യൂണിറ്റ്**

***മരിയനാദം കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ ആഭിമുഖ്യത്തിൽ 10 – 12 – 2023 തിയതി നടത്തിയ കലാ സാഹിത്യ മത്സരത്തിൽ വിശ്വാസപരിശീലന 8 ക്ലാസ്സു മുതൽ 10 – ാം ക്ലാസുവരെയുള്ള വി ഭാഗത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ കവിത***

# ബാല്യം – ഒരു അമൂല്യസ്വത്ത്

- അന്ന ജോസഫ്
ലിറ്റിൽ ഫ്ളവർ യൂണിറ്റ്

കൊഴിഞ്ഞ് പോയിതാ എൻ ബാല്യം
ഓർമ്മതൻ കോണിലുണ്ട്, അമ്മതൻ കൈപിടിച്ച്
ദേവാലയത്തിൽ ആദ്യ ചുവടു വച്ചതും
കൈകൂപ്പി നിന്ന് കുരിശടയാളം പഠിച്ചതും
കാണാനാവാത്ത കാവൽമാലാഖയെ
നോക്കി കണ്ണുചിമ്മിയതും
മഞ്ഞണിഞ്ഞ ക്രിസ്തുമസ്സ് രാവിൽ
ഉണ്ണീശോതൻ കളിക്കൂട്ടുകാരിയായി
ആകാംക്ഷയോടെ പ്രകാശപൂരിതമാം
പാവന സക്രാരിയിലേക്ക് ഉറ്റുനോക്കി
പരിശുദ്ധമാം തിരുവോസ്തി നാവിൽ
അലിഞ്ഞുചേരാൻ ദിവസങ്ങളെണ്ണി
കാത്തിരുന്ന എൻ ബാല്യം തിരിച്ചുകിട്ടുമോ ഇനി?



# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് 15-09-2024-നു
മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)

**ചായമിടൽ മത്സര വിജയി – ആഗസ്റ്റ് 2024**

**ക്രിസ്‌ലിൻ ജോണി, ഹോളി ട്രിനിറ്റി**

# 41-ാം ചരമദിനം

## 18 - 09 - 2024



# വേലൂക്കാരൻ ഐസക്ക് മകൻ

# ഫ്രാൻസീസ് വി.ഐ.

ജനനം : 20.08.1945 മരണം : 09.08.2024

പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ

ജീവന്റെയും മരണത്തിന്റെയും മേൽ അങ്ങേക്ക് അധികാരമുണ്ട്
മനുഷ്യരെ പാതാളകവാടത്തിലേക്ക് ഇറക്കുന്നതും അവിടെനിന്നു
വീണ്ടെടുക്കുന്നതും അവിടുന്നാണ്. (ജ്ഞാനം 16 : 13)

എന്റെ ഭർത്താവിന്റെ വേർപാടിൽ ഞങ്ങളെ ആശ്വസിപ്പിക്കുകയും,
ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും
ഞങ്ങളുടെ കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്ത
എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.
ഗ്രേസി ഫ്രാൻസിസ്

സെന്റ് പോൾസ് യൂണിറ്റ്, അയ്യന്തോൾ

Masterly presence for the 26th YEAR

# Lengthy & Strengthy

**LONG-LASTING & DURABLE OCEAN PVC PIPES**




**OCEAN POLYMER TECHNOLOGIES PVT. LTD**

V/35, Marar Road, Velappaya Medical College P.O, Thrissur - 680 596
Phone: 0487 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in Email: enqury@theoceangroup.co.in

Ocean®

WE GIVE LIFE TO PLASTIC

AUTHORISED DEALER
**BENSON HARDWARES. Ph: 93871 51738**

**FOR ENQUIRIES CALL: 0487 2202787**
**CUSTOMER CARE: 8137009888**

nirmala hiprint Ph : 0487 2387393